# അൽ ഹഖ്


AHMADIYYA NEWS BULLETTIN

A PUBLICATION OF MAJLIS KHUDDAM-UL-AHMADIYYA - KERALA ഏപ്രിൽ 2008 PRIVATE CIRCULATION



രണ്ടാം പേജിൽ: തിന്നുക, കുടിക്കുക അമിതമാകരുത് — ഡോ. ഇ.കെ. മുഹമ്മദ്

മൂന്നാം പേജിൽ: ഘാന ജൽസ സമാപിച്ചു


ആറാം പേജിൽ: മത അസഹിഷ്ണുത ഫുട്ബാളിലേക്കും





ഏഴാം പേജിൽ: അത്ഫാൽ ക്യാമ്പ് – 2008 കൽകുളം





എട്ടാം പേജിൽ: ഇന്തോനേഷ്യയിലെ തോരാത്ത കണ്ണീർ




## ഘാന ലോകത്തിന് മാതൃക: ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ്



**ഘാന:** 90 വർഷങ്ങൾക്കു മുമ്പേ ഇന്ത്യയിൽനിന്ന് അയക്കപ്പെട്ട മിഷണറിമാരിലൂടെ ഒറ്റയും തെറ്റയുമായി വളർന്ന് വികസിച്ച് ഖിലാഫത്തിനോട് കൂറ് വളർത്തിയെടുത്ത ഘാന ജമാഅത്തിന്റെ ആത്മാർത്ഥതയും വിധേയത്വവും ലോക അഹ്മദിയ്യാ ജമാഅത്തുകൾക്ക് മാതൃകയാണെന്ന് ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് (അയ്യദഹു) പ്രസ്താവിച്ചു. ഘാന ജൽസ ഉദ്ഘാടനം ചെയ്തു കൊണ്ട് സംസാരിക്കുകയായിരുന്നു അദ്ദേഹം. ഏകദേശം 40 മിനുറ്റോളം നീണ്ടുനിന്ന ഉദ്ഘാടന യോഗത്തിൽ, ഖലീഫയായി തിരഞ്ഞെടുക്കപ്പെടുന്നതിന് മുമ്പേ ഘാനയിൽ ചെലവഴിച്ച 8 വർഷങ്ങളെക്കുറിച്ച് അദ്ദേഹം അനുസ്മരിച്ചു. ഘാനയെക്കുറിച്ച് തനിക്ക് വലിയ പ്രതീക്ഷയാണുള്ളതെന്നും അത് സാക്ഷാത്ക്കരിക്കാൻ മുന്നോട്ട് കുതിക്കണമെന്നും ഹുസൂർ പറഞ്ഞു. വളരെ ദരിദ്രരാജ്യമായിരുന്ന ഘാന അഭിമുഖീകരിച്ച നിരവധി



പ്രശ്നങ്ങൾ പരിഹരിക്കുവാൻ ഘാനയിലെ അഹ്മദിയ്യാ പ്രതിനിധിയെന്ന നിലയിൽ ഹുസൂർ വഹിച്ച പങ്ക് നിസ്തുലമായിരുന്നു. ഘാനയിൽ ജമാഅത്ത് കെട്ടിപ്പടുക്കുന്നതിൽ പൂർവ്വികർ ചെയ്ത ത്യാഗങ്ങൾ എപ്പോഴും സ്മരിക്കണമെന്ന് അദ്ദേഹം ആവശ്യപ്പെട്ടു. സത്യസന്ധതയും സഹിഷ്ണുതയും ഓരോ വ്യക്തിയും വളർത്തിയെടുക്കേണ്ടതാണ്. ഈ രണ്ട് അടിസ്ഥാന മൂല്യങ്ങൾ സ്വായത്തമാക്കുകയാണെങ്കിൽ സമൂഹത്തിന്റെ പുരോഗതിക്കും സമാധാനത്തിനും കാരണമായിത്തീരുന്നതാണ്. ഇത് രണ്ടും ലോകസമാധാനത്തിന് അത്യന്താപേക്ഷിതമാണ്. ഘാന റിപ്പബ്ലിക്കൻ പ്രസിഡണ്ട് ജെ.എ. കുഫൂർ, ചടങ്ങിൽ പങ്കെടുത്തു.

## മതനിന്ദാ കുറ്റനിയമം പരിഷ്കരിക്കണമെന്ന് സാമൂഹികപ്രവർത്തകർ

**ലാഹോർ:** പാക്കിസ്ഥാനിലെ മതനിന്ദാകുറ്റ നിയമം വ്യാപകമായി ദുരുപയോഗം ചെയ്യപ്പെടുന്നതിനാൽ അടിയന്തിരമായും നിയമം പരിഷ്കരിക്കണമെന്ന് പാക്കിസ്ഥാനിലെ സാമൂഹികപ്രവർത്തകർ ആവശ്യപ്പെട്ടു. വധശിക്ഷയുൾപ്പെടെയുള്ള ശിക്ഷാനടപടികൾ ക്ഷണിച്ചുവരുത്തുന്ന നിയമത്തിന്റെ ദുരുപയോഗം മുസ്ലിംകൾക്കിടയിൽ അരക്ഷിതാവസ്ഥ സൃഷ്ടിച്ചിരിക്കുകയാണ്. പാക്കിസ്ഥാൻ മനുഷ്യാവകാശ കമ്മീഷന്റെ 2007-ലെ വാർഷിക റിപ്പോർട്ടിൽ പുതുതായി ചുമത്തപ്പെട്ട 23 കേസുകളിൽ 13 കേസുകളും അന്യായമായി മുസ്ലിംകൾക്കെതിരായിട്ടുള്ളതാണെന്ന് ചൂണ്ടിക്കാണിക്കുന്നു. ഈ 13 കേസുകളിൽ 17 പേരാണ് പ്രതികളായിട്ടുള്ളത്. എന്നാൽ, അഹ്മദികൾക്കെതിരെ ചുമത്തപ്പെട്ട 4 കേസുകളിൽ 23 പേർ പ്രതികളാണ്. 6 കേസുകൾ ക്രിസ്ത്യാനികൾക്കെതിരെയും ചുമത്തപ്പെട്ടു. ഭൂരിഭാഗം കേസുകളും പഞ്ചാബ് പ്രവിശ്യയിലാണ് രജിസ്റ്റർ ചെയ്തിട്ടുള്ളത്.

ലാഹോർ മാനേജ്മെന്റ് സയൻസ് യൂണിവേർസിറ്റി ഡീൻ ഡോ. ഖാലിദ് വഹീദ്, ഖുർആനും ഹദീസും ക്ഷമയെക്കുറിച്ചാണ് പഠിപ്പിക്കുന്നതെന്നും, മതനിന്ദാ കുറ്റം ചുമത്തി വധിക്കുന്നത് ഒഴിവാക്കണമെന്നും അഭിപ്രായപ്പെട്ടു.

പാക്കിസ്ഥാൻ മനുഷ്യാവകാശ കമ്മീഷൻ ഡയരക്ടർ ഐ.എ. റഹ്മാൻ, മതനിന്ദയെന്നത് അപൂർവ്വമായി മാത്രം കേൾക്കുന്നതാണെന്നും എന്നാൽ, ഇന്ന് പാക്കിസ്ഥാനിൽ നിത്യേന മതനിന്ദാകുറ്റത്തെക്കുറിച്ച് മാത്രമെ കേൾക്കാനുള്ളൂവെന്നും അഭിപ്രായപ്പെട്ടു. മതനിന്ദാ കുറ്റനിയമം പൂർണ്ണമായും ഉടച്ചുവാർക്കണമെന്നും, വധശിക്ഷ റദ്ദാ

(3-ാംപേജിൽ)

## ഇന്തോനേഷ്യയിൽ അക്രമം തുടരുന്നു

**ജക്കാർത്ത:** ഇന്തോനേഷ്യയിൽ അഹ്മദികൾക്കെതിരായ അക്രമം എല്ലാ സീമകളും ലംഘിക്കുന്നു. ഏപ്രിൽ അവസാനവാരം സുക്കാബൂമി ജില്ലയിലെ പറക്കൻസലാക്കിലെ അൽഫുർഖാൻ മസ്ജിദിനും തൊട്ടടുത്തുള്ള സ്കൂളിനും അക്രമിസംഘം തീവെച്ചു. പള്ളിയും സ്കൂളും പൂർണ്ണമായും കത്തിയമർന്നു. ആളപായമൊന്നും റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടില്ലായെന്ന് പോലീസ് പറഞ്ഞു. മുസ്ലിം ഉലമാ സംഘടനയായ ജാമിയത്തുൽ മുബല്ലിഗ് കമ്മ്യൂണിക്കേഷൻ ഫോറമാണ് അക്രമത്തിന് പിറകിലെന്ന് പറയപ്പെടുന്നു. ഇന്തോനേഷ്യയിൽ ഒട്ടനവധി സ്ഥലങ്ങളിൽ അഹ്മദിവിരുദ്ധ റാലികളും പ്രക്ഷോഭങ്ങളും നടന്നുകൊണ്ടിരിക്കുകയാണ്.

അഹ്മദിയ്യാ ജമാഅത്തിനെ നിരോധിക്കണമെന്ന് ആവശ്യപ്പെട്ട് നടത്തപ്പെടുന്ന റാലികൾ മിക്കതും അക്രമങ്ങളിലാണ് കലാശിക്കുന്നത്. ക്രമസമാധാനനിലയെത്തന്നെ താറുമാറാക്കി തങ്ങളുടെ ശ്രമം വിജയിപ്പിക്കാനാണ് അഹ്മദിവിരുദ്ധർ ശ്രമിക്കുന്നത്.

ഇതിനിടെ അഹ്മദിയ്യത്തിനെ നിരോധിക്കാനുള്ള പ്രഖ്യാപനം ഗവർമ്മെന്റ് ഉടനെതന്നെ പ്രഖ്യാപിച്ചേക്കുമെന്ന് അനൗദ്യോഗിക വൃത്തങ്ങൾ സൂചിപ്പിച്ചു. നിരോധനത്തിനും അക്രമങ്ങൾക്കുമെതിരെ ന്യൂനപക്ഷ വിഭാഗങ്ങൾ പ്രതിഷേധ പ്രകടനം നടത്തി. ജക്കാർത്തയിൽ നടന്ന പ്രതിഷേധറാലിയിൽ ഇതര ന്യൂനപക്ഷ വിഭാഗങ്ങൾക്കൊപ്പം അഹ്മദികളും ചേർന്നു. അഹ്മദിയ്യാ അനുകൂല മുദ്രാവാക്യങ്ങൾ രേഖപ്പെടുത്തിയ പ്ലക്കാർഡുകൾ ഉയർത്തിപ്പിടിച്ച് നൂറുകണക്കിന് ആളുകൾ ഈ പരിപാടിയിൽ അണിചേർന്നു.




മുസ്ലിം മതകാര്യ വിഭാഗമായ ബക്കർപാക്കം ജമാഅത്തിനെ നിരോധിക്കണമെന്ന് ഗവർമ്മെന്റിനോട് ആവശ്യപ്പെട്ടുകഴിഞ്ഞു. ഇന്തോനേഷ്യയിലെ മിക്ക പത്രങ്ങളും ഗവർമ്മെന്റ് നടപടികളെ അപലപിച്ചിട്ടുണ്ട്. പ്രമുഖ പത്രമായ 'ജക്കാർത്ത പോസ്റ്റ്' ശക്തമായ ഭാഷയിൽ ഗവർമ്മെന്റ് നിലപാടുകളെ വിമർശിച്ചു. 1920-കളിൽ തന്നെ ഇന്തോനേഷ്യയിൽ പ്രവർത്തിച്ചുവരുന്ന അഹ്മദിയ്യാ ജമാഅത്തിനെ നിരോധിക്കാനുള്ള ഉലമാക്കളുടെ ആവശ്യത്തിന്റെ പൊള്ളത്തരം പത്രം തുറന്നുകാട്ടി.

അക്രമസംഭവങ്ങൾ നടക്കുമ്പോൾ ഇന്തോനേഷ്യൻ പോലീസ് കാഴ്ചക്കാരാവുകയാണ്. മിക്ക അഹ്മദി സ്ഥാപനങ്ങൾക്കു നേരെയും അഹ്മദികൾ താമസിക്കുന്ന ഗ്രാമങ്ങൾക്കു നേരെയും ഒന്നിലേറെ തവണ അക്രമം നടന്നുകഴിഞ്ഞു. മിക്ക സംഭവങ്ങളിലും അക്രമികൾക്കെതിരെ കാര്യമായ നടപടികളൊന്നും ഇതേവരെ എടുത്തതായി റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടില്ല.

പാക്കിസ്ഥാനിലേയും യു.കെയിലേയും അഹ്മദിവിരുദ്ധരായ ചില മുസ്ലിം പണ്ഡിതന്മാർ ഇന്തോനേഷ്യയിൽ ഈയ്യിടെ സന്ദർശനം നടത്തിയിരുന്നു. ഇവർ പങ്കെടുത്ത സെമിനാറുകൾക്ക് സാമ്പത്തികസഹായം ചെയ്തത് സൗദി എംബസിയാണെന്ന് കരുതപ്പെടുന്നു. മിക്ക അഹ്മദിയ്യാ മസ്ജിദുകളും ഇപ്പോൾ പ്രവർത്തിക്കാൻ പറ്റാത്ത സ്ഥിതിയിലാണുള്ളത്. പ്രവർത്തിക്കുന്ന പള്ളികളിൽതന്നെ ഖുർആൻ പാരായണം പോലുള്ള സംഗതികൾ നടക്കുന്നില്ല.

## അഹ്മദികൾ മടങ്ങി വരണമെന്ന് ഉലമ




**കെമർസെഖാൻ (ഇന്തോനേഷ്യ):** കെമർസെഖാനിലെ അഹ്മദിയ്യാ പള്ളിക്ക് മുമ്പിൽ പ്രകടനം നടത്തിയ ഉലമാക്കൾ അഹ്മദികൾ ഉടൻ മാതൃധർമ്മത്തിലേക്ക് തിരിച്ചുവരണമെന്ന് ആവശ്യപ്പെട്ടു. വെള്ളിയാഴ്ച ജുമുഅ പ്രാർത്ഥനയ്ക്കു ശേഷം നടന്ന പ്രകടനം യഥാർത്ഥ ഇസ്ലാമിലേക്ക് മടങ്ങാൻ അഹ്മദികളോടാവശ്യപ്പെട്ടു. വെള്ളിയാഴ്ച പ്രാർത്ഥന കഴിഞ്ഞ സമയമായതിനാൽ അഹ്മദികൾ പള്ളിയിൽ ഇല്ലായിരുന്നു. അതിനാൽ റാലിയിൽ പ്രകോപനമുണ്ടായില്ല. പ്രകടനത്തിന് നേതൃത്വം കൊടുത്ത ഹബീബ് ഹാറൂൺ അൽ റാശിദ് അഹ്മദികൾ ഉടൻ സത്യം തിരിച്ചറിഞ്ഞ് ഇസ്ലാമിലേക്ക് മടങ്ങണമെന്ന് ആഹ്വാനം ചെയ്തു.

# തബ്‌ലീഗ് പരിപാടി സംഘടിപ്പിച്ചു

**കണ്ണൂർ**: കണ്ണൂർ ടൗൺ ഖുദ്ദാമുൽ അഹ്മദിയ്യായുടെ ആഭിമുഖ്യത്തിൽ കണ്ണൂർ നഗരത്തിൽ നോട്ടീസ് വിതരണം ചെയ്തു. കണ്ണൂർ നഗരസഭാ മാർക്കറ്റ്, സ്റ്റേഷൻ റോഡ്, എം.എ. റോഡ് പരിസരങ്ങളിൽ ഖിലാഫത്ത് ജൂബിലി പ്രചരണാർത്ഥമാണ് നോട്ടീസ് വിതരണം നടത്തിയത്. ഗുലാം അഹ്മദ്, ഫഹിം, നിഹാദ്, നിഷാൻ തുടങ്ങിയവർ നേതൃത്വം നല്കി.

**പള്ളുരുത്തി**: സൗത്ത് കേരള ഖുദ്ദാമുൽ അഹ്മദിയ്യായുടെ ആഭിമുഖ്യത്തിൽ ഏപ്രിൽ 20-ാം തിയ്യതി ഞായറാഴ്ച രാവിലെ 10 മണിക്ക് തബ്‌ലീഗ് പരിപാടി സംഘടിപ്പിച്ചു. പള്ളുരുത്തി മജ്‌ലിസിന്റെ പരിധിയിലുള്ള തങ്ങൾ നഗർ, കുമ്പളങ്ങിവഴി, വെളി തുടങ്ങിയ സ്ഥലങ്ങളിലാണ് തബ്‌ലീഗ് നടത്തിയത്. പള്ളുരുത്തി ജമാഅത്തിൽ നിന്ന് മൗലവി നജ്മുദ്ദീൻ സാഹിബിന്റെ ദുആയോടെ ആരംഭിച്ച പരിപാടിയിൽ എറണാകുളം, കൊച്ചി, പള്ളുരുത്തി ജമാഅത്തുകളിലെ ഖാദിമീങ്ങളും അൻസാർ സഹോദരന്മാരും പങ്കുചേർന്നു.

**എറണാകുളം**: സൗത്ത് കേരള ഖുദ്ദാമുൽ അഹ്മദിയ്യായുടെ ആഭിമുഖ്യത്തിൽ എറണാകുളം, കാക്കനാട്, കൊച്ചി ജമാഅത്തുകളിലെ ഖാദിമീങ്ങളും അത്ഫാലുകളും അൻസാറുകളും എറണാകുളത്ത് തബ്‌ലീഗും നോട്ടീസ് വിതരണവും നടത്തി. പുല്ലേപ്പടി, പച്ചാളം, എസ്.ആർ.എം. റോഡ്, അരങ്ങത്ത് റോഡ് തുടങ്ങിയ സ്ഥലങ്ങളിലെ മുസ്‌ലിം ഏരിയകളിൽ ജുബിലിയെ സംബന്ധിച്ച ആയിരത്തോളം നോട്ടീസുകൾ വിതരണം ചെയ്തു. മൗലവി നാസിർ അഹ്മദ് സാഹിബ്, സൗത്ത് ഇലാഖാ തബ്‌ലീഗ് സെക്രട്ടറി നിശാൻ സാഹിബ് എന്നിവർ പരിപാടിക്ക് നേതൃത്വം നല്കി.

# നബിദിന യോഗം

**കണ്ണൂർ**: കണ്ണൂർ ടൗൺ മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യായുടെ ആഭിമുഖ്യത്തിൽ നബികീർത്തനയോഗം നടന്നു. യോഗത്തിൽ നാഇബ് ഖാഇദ് ഫഹിം മസൂദ് അധ്യക്ഷത വഹിച്ചു. സജിൻ നിസാർ, ഗുലാം അഹ്മദ്, റോഷൻ അഹ്മദ് എന്നിവർ പ്രസംഗിച്ചു. നിഷാദ് അസീസ് നന്ദി പറഞ്ഞു.

**പഴയങ്ങാടി**: 16.04.08 ബുധനാഴ്ച വൈകീട്ട് 5 മണിക്ക് പഴയങ്ങാടി ബസ്റ്റാന്റിന്റെ പരിസരത്ത് വെച്ച് പഴയങ്ങാടി ജമാഅത്തിന്റെ ആഭിമുഖ്യത്തിൽ നബിദിന യോഗം സംഘടിപ്പിക്കുകയുണ്ടായി. നിറഞ്ഞ സദസ്സുണ്ടായിരുന്ന പ്രസ്തുത യോഗത്തിൽ പഴയങ്ങാടി അമീർ ജനാബ് സലീം സാഹിബ് അധ്യക്ഷം വഹിച്ചു. നായിബ് അമീർ പ്രൊഫ. മഹ്മൂദ് അഹ്മദ് സാഹിബ് സ്വാഗതം ആശംസിച്ചു. വിശിഷ്ടാതിഥിയായി എത്തിയ എ.പി.എ. റഹീം സാഹിബ്, മൗലവി എം. നാസർ സാഹിബ് എന്നിവർ നബി(സ)യുടെ ജീവചരിത്രം വളരെ ആകർഷണീയമായ രീതിയിൽ വിവരിക്കുകയുണ്ടായി.

# ഇസ്‌ലാമിന്നെതിരിൽ ബാലപുസ്തകം തയ്യാറാകുന്നു

**ഹോളണ്ട്:** കുപ്രസിദ്ധമായ ഫിത്ന സിനിമയിലൂടെ ഇസ്‌ലാമിനെ അപകീർത്തിപ്പെടുത്താൻ ശ്രമിച്ച ഹോളണ്ടിൽനിന്നു തന്നെ ഇസ്‌ലാമിന്നെതിരായ പരാമർശങ്ങളടങ്ങിയ കുട്ടികൾക്കായുള്ള പുസ്തകം തയ്യാറാകുന്നു. ഡച്ചുകാരിയായ ഇസ്‌ലാമികവിരുദ്ധ പ്രവർത്തക ശ്രീമതി ആയാൻ ഹിർസി അലി രചിച്ച 'ആദൻ & ഇവ' (ആദമും ഹവ്വയും) ഹോളണ്ടിൽ മെയ് 29-ന് പ്രസിദ്ധീകരിക്കുമെന്ന് പ്രഖ്യാപിച്ചിട്ടുണ്ട്. യുവാക്കളിലും കുട്ടികൾക്കുമിടയിൽ ബഹു സാംസ്കാരികതയെക്കുറിച്ചുള്ള ചർച്ചകൾ ഉയർത്തിക്കൊണ്ടുവരാനാണ് പുസ്തകം പ്രസിദ്ധീകരിക്കുന്നതെന്നാണ് വാദം. സോമാലിയയിൽ ജനിച്ച ശ്രീമതി ഹിർസി അലി പിന്നീട് ഹോളണ്ടിൽ കുടിയേറിപ്പാർക്കുകയായിരുന്നു. ഇവർ ഇപ്പോൾ മുസ്‌ലീം തീവ്രവാദികളിൽനിന്നും വധഭീഷണി നേരിടുകയാണ്.

# കവലപ്രസംഗങ്ങൾ നടത്തി

മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യായുടെ ആഭിമുഖ്യത്തിൽ ആനമൂളി, തെങ്കര, മണലടി, പള്ളിക്കുന്ന്, കുന്തിപ്പുഴ തുടങ്ങിയ മണ്ണാർക്കാട്ടിലെ സമീപ പ്രദേശങ്ങളിൽവച്ച് കവലപ്രസംഗങ്ങൾ നടത്തി. ജനാബ് മൗലവി യൂസുഫ് സാഹിബ് പ്രസംഗിച്ചു.

# തിന്നുക, കുടിക്കുക അമിതമാകരുത്

**ഡോ. ഇ.കെ. മുഹമ്മദ്**

ആഹാരം ജീവന്റെ നിലനില്പിന് അത്യാവശ്യമാണ്. അത് ശരീരപ്രവർത്തനത്തിന് ആവശ്യമായ ശക്തി പ്രദാനം ചെയ്യുന്നു. എന്നാൽ, പലരുടെയും ഇന്നത്തെ ഭക്ഷണരീതി ആരോഗ്യത്തിന് ഹാനികരമായ വിധത്തിലാണ്. ആരോഗ്യം മനുഷ്യന്റെ ഏറ്റവും വലിയ സമ്പത്താണ്. ഒരാരോഗ്യവാന്റെ ഇബാദത്ത് അല്ലാഹു സന്തോഷപൂർവ്വം സ്വീകരിക്കുന്നു. കാരണം ആരോഗ്യമുള്ളപ്പോഴാണ് വഴിതെറ്റാൻ ഏറ്റവും സാദ്ധ്യതയുള്ളത്. ആരോഗ്യമില്ലാതാകുമ്പോഴാണ് അവൻ നിസ്സഹായനും ദുഃഖിതനുമാകുന്നത്.

നാം കഴിക്കുന്ന ആഹാരം ദഹിക്കണം. ദഹിച്ച ആഹാരം കരളിൽ സംഭരിക്കപ്പെടുകയും ആവശ്യാനുസരണം പോഷകങ്ങളെ പേശികൾക്ക് ലഭ്യമാക്കുകയും ചെയ്യുന്നു. ആമാശയവും വൃക്കയും കുടലും പാൻക്രിയാസുമെല്ലാം നമ്മുടെ ശരീരത്തിലെ രസതന്ത്രശാലകളാണ്. ശരീരത്തിനുള്ളിൽ ഒളിഞ്ഞുകിടക്കുന്ന ഈ അവയവ സമൂഹത്തെ പറ്റി നമുക്ക് അറിവും ശ്രദ്ധയും ഉണ്ടായിരുന്നാൽ നമ്മുടെ ആഹാരം ക്രമമായ രീതിയിൽ കഴിക്കുകയും സുഗമമായ രീതിയിൽ ശരീരത്തെ കൊണ്ടുനടക്കാൻ സാധിക്കുകയും ചെയ്യുന്നതാണ്.

മിതാഹാരമാണ് ഖുർആൻ നിർദ്ദേശിക്കുന്നത്. "നിങ്ങൾ തിന്നുകയും കുടിക്കുകയും ചെയ്യുക, അമിതമാക്കരുത്'' (7:32). ശരീരത്തിന് ആവശ്യമുള്ള പോഷകമൂല്യമുള്ള ഭക്ഷണം കഴിക്കുകയാണെങ്കിൽ ആമാശയം ശുദ്ധവും പ്രവർത്തനക്ഷമവുമായിരിക്കും. എപ്പോഴും ചവച്ചുകൊണ്ടിരിക്കുന്ന സ്വഭാവം ചിലരിൽ കാണാറുണ്ട്. ഈ ശീലം മൃഗങ്ങളുടേതാണെന്ന് പറയാറുണ്ട്.

തിരുനബി(സ) പറഞ്ഞു: സത്യവിശ്വാസി ഒരു കുടലിൽ ഭക്ഷിക്കുമ്പോൾ അവിശ്വാസി ഏഴുകുടലിൽ ഭക്ഷിക്കുന്നു (മുസ്‌ലിം). സത്യനിഷേധിയുടെ ലക്ഷ്യം ഭൗതികമാണ്. സത്യവിശ്വാസിയുടേത് ഭൗതികവും ആത്മീയവുമാണ്. ഇതുരണ്ടും സമന്വയിപ്പിച്ചു പോകുക. അതായത്, മദ്ധ്യനില സ്വീകരിക്കുക എന്നതാണ്. നബി (സ) അരുളി: വയറിനേക്കാൾ മോശമായ ഒരു പാത്രവും മനുഷ്യൻ നിറക്കുന്നില്ല. തന്റെ നടുവിന് നിവർന്നു നില്ക്കാൻ ഏതാനും ഉരുളകൾ അവന് മതിയാകുന്നതാണ്. ആവശ്യമാണെങ്കിൽ മൂന്നിലൊരു ഭാഗം ഭക്ഷണത്തിനും, മൂന്നിലൊരു ഭാഗം പാനീയത്തിനും, മൂന്നിലൊരു ഭാഗം ശ്വസനത്തിനും അവൻ ഉപയോഗിക്കട്ടെ (തിർമിദി).

ആരോഗ്യം അല്ലാഹു മനുഷ്യനു നല്കിയ അനുഗ്രഹവും അമാനത്തുമാണ്. അത് അതുപോലെ കൊണ്ടുനടക്കേണ്ടത് മനുഷ്യന്റെ ബാദ്ധ്യതയുമാണ്. ആരോഗ്യപൂർണ്ണമായ ജീവിതത്തിൽ അല്ലാഹുവിനോട് നടത്തുന്ന പ്രാർത്ഥനകൾക്കും അർച്ചനകൾക്കും പ്രത്യേക പ്രാധാന്യമുണ്ടെന്നോർക്കുക. അല്ലാഹു നമുക്കെല്ലാവർക്കും അവന്റെ ഇച്ഛയ്ക്കനുസരിച്ച് ജീവിക്കാനും, ജമാഅത്തിനോടുള്ള ബാദ്ധ്യത നിറവേറ്റാനും തൗഫീഖ് നൽകുമാറാകട്ടെ.

# ഖിലാഫത്ത് ശതവാർഷിക യോഗം



**ചേലക്കര:** ഖിലാഫത്ത് ശതവാർഷികത്തോടനുബന്ധിച്ച് ജമാഅത്തിന്റെ ആഭിമുഖ്യത്തിൽ ചേലക്കര ബസ്റ്റാന്റ് പരിസരത്ത് വച്ച് മാർച്ച് 24,25 തിയ്യതികളിൽ സീറത്തുനബിയോഗവും മസീഹ് മൗഊദ് ദിനയോഗവും നടക്കുകയുണ്ടായി. സീറത്തുന്നബിയോഗത്തിൽ മുഹമ്മദുണ്ണി മുസ്‌ലിയാരുടെ അധ്യക്ഷതയിൽ പരിപാടികൾ ആരംഭിച്ചു. മൗലവി ഗുലാം അഹ്മദ് സാഹിബ് തിലാവത്തും മൗലവി ടി. റഹീം അഹ്മദ് സാഹിബ് പദ്യാലാപനവും നടത്തി. മുഹമ്മദുണ്ണി സാഹിബ് തന്റെ അധ്യക്ഷ പ്രസംഗത്തിൽ നബി(സ)നെ പറ്റി ചരിത്രസ്പർശമുള്ള പ്രസംഗം നടത്തി. മൗലവി സലിം സാഹിബ് കൊടുങ്ങല്ലൂർ, ഹിദായത്തുള്ള സഖാഫി സാഹിബ് എന്നിവരും നബി തിരുമേനിയെ പ്രകീർത്തിച്ചുകൊണ്ട് സംസാരിച്ചു.

മസീഹ് മൗഊദ് ദിനത്തിൽ ടി. അനസ് സാഹിബിന്റെ അധ്യക്ഷതയിലാണ് പരിപാടികൾ നടന്നത്. മൗലവി ടി. റഹീം സാഹിബ് തിലാവത്തും, ടി. ബദറുദ്ദീൻ സാഹിബ് പദ്യം ആലപിക്കുകയും ചെയ്തു. മുഖ്യ പ്രാസംഗികരായ മുഹമ്മദുണ്ണി മുസ്‌ലിയാർ, മുഹമ്മദ് സലിം സാഹിബ് കൊടുങ്ങല്ലൂർ, ഹിദായത്തുല്ലാഖാൻ സഖാഫി സാഹിബ് എന്നിവർ മസീഹ് മൗഊദിന്റെ ജീവിതത്തിലെ വിവിധ ഘട്ടങ്ങളെ പ്രതിപാദിച്ചുകൊണ്ട് സംസാരിച്ചു. രണ്ട് ദിവസവും പുസ്തകവില്പന നടക്കുകയുണ്ടായി. 24-ാം തിയ്യതി വാഹനപ്രചരണ പരിപാടിയും കവലപ്രസംഗവും സംഘടിപ്പിച്ചു. നോട്ടീസ് വിതരണവും നടക്കുകയുണ്ടായി.

# പ്രചാരണ പരിപാടി

**മഞ്ചേരി:** മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യാ മലപ്പുറം മേഖലയുടെ ആഭിമുഖ്യത്തിൽ പ്രചരണയാത്ര സംഘടിപ്പിച്ചു. 8 ദിവസം നീണ്ടുനിന്ന പരിപാടിയിൽ 50- ഓളം കവലകളിൽ പ്രസംഗങ്ങൾ നടത്തുകയും 5 സ്ഥലങ്ങളിൽ പൊതുസമ്മേളനങ്ങൾ സംഘടിപ്പിക്കുകയും ചെയ്തു.

വ്യത്യസ്ത കവലകളിൽ മൗലവി ഹിദായത്തുല്ലാ സഖാഫി, മൗലവി പി.കെ. ശരീഫ്, മൗലവി എം.നാസിർ അഹ്മദ്, മൗലവി കൊടുങ്ങല്ലൂർ സലീം സാഹിബ്, മുജീബ് പത്തപ്പിരിയം, അൽത്വാഫ്, നസീർ ഹുസൈൻ തുടങ്ങിയവർ പ്രസംഗിച്ചു. പരിപാടിയുടെ ഭാഗമായി 15000 ഓളം നോട്ടീസുകൾ വിതരണം ചെയ്തു.

മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യാ സംഘടിപ്പിച്ച ഈ പ്രചരണ പരിപാടി മലപ്പുറം ജില്ലയിലെ മുസ്‌ലിം ജനസാമാന്യത്തെ ആകർഷിച്ചു. മിക്ക കവലകളിലും വമ്പിച്ച ജനപങ്കാളിത്തം കാണപ്പെട്ടു. പ്രചരണപരിപാടിക്ക് മലപ്പുറം ജില്ലാ ഖുദ്ദാമുൽ അഹ്മദിയ്യാ ഖായിദ് അബ്ദുൽഗനി സാഹിബ്, ഖുദ്ദാമുൽ അഹ്മദിയ്യാ നോർത്ത് ഇലാഖാ തബ്‌ലീഗ് സെക്രട്ടറി സബാഹ് എന്നിവർ നേതൃത്വം നല്കി.

# ഒന്നാം റാങ്ക് നേടി

കാലിക്കറ്റ് യൂണിവേഴ്സിറ്റി 2005-2007-ൽ നടത്തിയ ക്ലിനിക്കൽ സൈക്കോളജി പരീക്ഷയിൽ സോഫിയ ശരീഫ് യൂണിവേഴ്സിറ്റിയിൽ ഒന്നാം റാങ്കിന്നർഹയായി. തൃശ്ശൂരിലെ പ്രജ്യോതി നികേതനിലാണ് പഠിച്ചിരുന്നത്. കരുനാഗപ്പള്ളി ജമാഅത്തിലെ ഡോ. ശരീഫ് അഹ്മദ് സാഹിബിന്റേയും, തിരുവനന്തപുരം മേഖലാ ലജ്നാ സെക്രട്ടറി സാജിദ ശരീഫ് സാഹിബയുടേയും മകളാണ് സോഫിയ. കണ്ണൂർ ടൗൺ ജമാഅത്തിലെ ഡോ.അബ്ദുള്ള സാഹിബിന്റെ പൗത്രിയാണിവർ.

# ലജ്ന മസീഹ് മൗഊദ് ദിനയോഗം നടത്തി

**അലനെല്ലൂർ:** 31.3.08 പ്രാദേശിക ലജ്ന ഇമാഇല്ലായുടെ ആഭിമുഖ്യത്തിൽ മസീഹ് മൗഊദ് ദിനയോഗം നടത്തി. ലജ്ന സെക്രട്ടറി സി.കെ. സാബിറ അധ്യക്ഷത വഹിച്ച യോഗത്തിൽ സി. ഫാത്തിമ ഖുർആൻ പാരായണം നടത്തി. നിഷാന ഹസ്സൻ ഉർദു പദ്യം ചൊല്ലി. എം. റസിയാശഫീക്ക്, ഫസീല സിറാജ്, എം. റാശിദ അമത്തുൽ ഖുദ്ദൂസ് എന്നിവർ പ്രസംഗിച്ചു.


# ബുക്ക് സ്റ്റാൾ സംഘടിപ്പിച്ചു

27.4.08 ഞായറാഴ്ച വൈകുന്നേരം അസ്ർ നമസ്കാരാനന്തരം പഴയങ്ങാടി ബസ്റ്റാന്റിൽ പഴയങ്ങാടി ഖുദ്ദാമുൽ അഹ്മദിയ്യായുടെ ആഭിമുഖ്യത്തിൽ ബുക്ക് സ്റ്റാൾ സംഘടിപ്പിക്കുകയുണ്ടായി.

# മാതാക്കൾ ദിനയോഗം

**അലനെല്ലൂർ:** പ്രാദേശിക ഘടകം ലജ്ന ഇമാഇല്ലായുടെ ആഭിമുഖ്യത്തിൽ മാതാക്കൾ ദിനയോഗം നടത്തി. വേനൽ അവധിക്കാലം നമ്മുടെ കുട്ടികളെ ദീനീ മാർഗ്ഗത്തിൽ ഫലപ്രദമായി ഉപയോഗപ്പെടുത്തിക്കൊണ്ട് ടി.വി. സീരിയലുകളിൽ നിന്നും സിനിമകളിൽനിന്നും വിമുക്തമാക്കി, ഖിലാഫത്ത് ജൂബിലിയുടെ ഭാഗമായി ഹുസൂർ നിർദ്ദേശിക്കുന്ന ഇബാദത്തുകളിലേക്ക് ശ്രദ്ധ തിരിക്കാൻ ലജ്ന മാതൃസംഗമം ആഹ്വാനം ചെയ്തു. ലജ്ന സെക്രട്ടറി സി.കെ. സാബിറ സാഹിബ അധ്യക്ഷത വഹിച്ച യോഗത്തിൽ ലൈല സാഹിബ ക്ലാസ്സെടുത്തു. അമത്തുൽ ഖുദൂസ് ഖുർആൻ പാരായണം നടത്തി.

# ഘാന ജൽസ സമാപിച്ചു



**ഘാന:** മൂന്ന് ദിവസങ്ങളിലായി നടന്ന ഘാന ജൽസ ഏപ്രിൽ 19-ന് സമാപിച്ചു. സമാപനചടങ്ങിൽ ഹുസൂറിന് പുറമെ ഘാന റിപ്പബ്ലിക്ക് വൈസ് പ്രസിഡണ്ട് അൽഹാജ് അലിയു മഹാമ പങ്കെടുത്തു. തന്റെ സമാപനപ്രസംഗത്തിൽ രണ്ടാം തവണയും ഹുസൂറിന് ആതിഥ്യമരുളമാൻ സാധിച്ചതിൽ തന്റെ രാജ്യത്തിന് അതിയായ സന്തോഷമുണ്ടെന്നും ജമാഅത്ത് രാജ്യത്തിനുവേണ്ടി ചെയ്യുന്ന സേവനങ്ങളിൽ തങ്ങൾക്ക് മതിപ്പുണ്ടെന്നും വൈസ് പ്രസിഡണ്ട് പ്രസ്താവിച്ചു. കൃഷി, വിദ്യാഭ്യാസം, ആരോഗ്യം തുടങ്ങിയ മേഖലകളിൽ ജമാഅത്തംഗങ്ങൾ വഹിക്കുന്ന നിസ്തുല സേവനങ്ങൾ അദ്ദേഹം എടുത്തുപറഞ്ഞു.

32 രാജ്യങ്ങളിൽ നിന്നുള്ള ജമാഅത്തംഗങ്ങൾ പങ്കെടുത്ത ഘാന ജൽസ യഥാർത്ഥത്തിൽ ഒരു രാജ്യത്തിന്റേതുമാത്രമല്ല അന്താരാഷ്ട്ര ജൽസ തന്നെയായിരുന്നുവെന്ന് തന്റെ സമാപന പ്രസംഗത്തിൽ ഹുസൂർ തിരുമനസ്സ് പ്രസ്താവിച്ചു. എം.ടി.എ മുഖാന്തിരം ജൽസ ലോകത്താകമാനം ലൈവായി പ്രക്ഷേപണം ചെയ്യപ്പെട്ടു. കാർഷികവിളകളെ ഉദാഹരണമായി സൂചിപ്പിച്ചുകൊണ്ട് ഒരു കർഷകൻ കൂടുതൽ വിളകൾ ലഭിക്കുന്നതിനായി ആദ്യംതന്നെ കൃഷിയിടത്തെ കളകൾ പറിച്ചുകളയുകയും വിത്തിട്ടതിനുശേഷം മുളച്ചുവരുന്നതുവരെ ജലസേചനത്തിനും മറ്റുമായി ശ്രദ്ധവെക്കുന്നതുപോലെ ഓരോ മനുഷ്യനും അല്ലാഹുവിൽ നിന്നും പരമാവധി അനുഗ്രഹങ്ങൾ നേടുന്നതിനായി പരിശ്രമിക്കണമെന്ന് ഹുസൂർ ആഹ്വാനം ചെയ്തു. മനുഷ്യമനസ്സുകൾ പാപപ്രവണതയുള്ളതായതിനാൽ ദുഷ്പ്രവണതകൾക്കെതിരെ എപ്പോഴും ദൈവസഹായം തേടിക്കൊണ്ടിരിക്കേണ്ടതാണ്. യഥാർത്ഥ പാപമുക്തിക്കായി വാഗ്ദത്ത മസീഹ്(അ) മൂന്ന് മാർഗ്ഗങ്ങൾ നമുക്ക് പറഞ്ഞുതന്നിട്ടുണ്ട്. ഒന്ന്, തെറ്റായതും ചീത്തയായതുമായ വികാരവിചാരങ്ങളിൽനിന്നകന്നു നിൽക്കുക. രണ്ട്, മുമ്പേ ചെയ്തുപോയ പാപങ്ങളെക്കുറിച്ച് പശ്ചാത്തപിക്കുക (മൂന്ന്) ഇനിയൊരിക്കലും പാപങ്ങൾ ചെയ്യുകയില്ലെന്ന ദൃഢപ്രതിജ്ഞ ചെയ്യുക. ഈ മാതൃക പിൻതുടരുകയാണെങ്കിൽ പാപപങ്കിലമായ മനസ്സുകൾക്കു പകരം ഉന്നത ധാർമ്മികമൂല്യങ്ങൾ പകർത്താൻ സാധിക്കും. ഹുസൂർ പറഞ്ഞു.

ആഫ്രിക്കക്ക് ശോഭനമായ ഭാവിയുണ്ട്. ജനങ്ങളുടെ കഠിനാധ്വാനവും സത്യസന്ധതയും ആഫ്രിക്കൻ നാടുകളിൽ അഭിവൃദ്ധി സമ്മാനിക്കട്ടെയെന്ന് ഹുസൂർ ആശംസിച്ചു.

# ഖിലാഫത്ത് ജൂബിലിയോടനുബന്ധിച്ച് വഖാറെ അമൽ



**പാലക്കാട്:** ഖിലാഫത്തിന്റെ ശതവാർഷിക ജൂബിലിയോടനുബന്ധിച്ച് പാലക്കാട് മജ്ലിസിന്റെ ആഭിമുഖ്യത്തിൽ ജില്ലാ ആശുപത്രിയിൽ ശുചീകരണ യജ്ഞം നടത്തി. 17.02.08 ഞായറാഴ്ച കാലത്ത് നടന്ന ഉദ്ഘാടന സെഷനിൽ ബി.ജെ.പി. സംസ്ഥാന സമിതിയംഗവും, ബി.ജെ.പിയുടെ പാലക്കാട് ജില്ലാ സെക്രട്ടറിയും, പാലക്കാട് നഗരസഭാ ആരോഗ്യ സ്റ്റാന്റിംഗ് കമ്മറ്റി ചെയർമാനുമായ ശ്രീ. എൻ.ശിവരാജൻ സംബന്ധിച്ചു.

വർഗ്ഗീയതയുടെ പേരും പറഞ്ഞ് ആർക്കും സുദീർഘകാലം തുടരാൻ കഴിയില്ലെന്നും എല്ലാ മതവിഭാഗങ്ങളുമായുള്ള സഹവർത്തിത്വത്തിലൂടെ മുന്നേറേണ്ടതാണെന്നും അദ്ദേഹം പറഞ്ഞു. ശുചീകരണരംഗത്ത് അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിന്റെ പരിശ്രമം പ്രത്യേകം പ്രസ്താവ്യമാണെന്നും ഇത് മറ്റിതര സംഘടനകൾക്ക് മാതൃകയാണെന്നും ശിവരാജൻ കൂട്ടിച്ചേർത്തു.

പ്രസ്തുത പരിപാടിയിൽ ജമാഅത്തിലെ ആബാലവൃദ്ധം ജനങ്ങളും പങ്കെടുത്തു. ഉദ്ഘാടകന് ഉപഹാരമായി ജമാഅത്തിന്റെ സാഹിത്യങ്ങൾ പ്രസിഡണ്ട് കെ.എസ്. അബ്ദുൽ ഹമീദ് സാഹിബ് നൽകി. മൗലവി അമീറുദ്ദീൻ ആശംസ പ്രസംഗം നടത്തി. പത്രമാധ്യമങ്ങളിലൂടെ പരിപാടിയുടെ വാർത്തകൾ വന്നിരുന്നു. ഏഷ്യാനെറ്റ് ന്യൂസിനായി വി.എം. നാസർ സാഹിബ് റിപ്പോർട്ട് നൽകി.

## ശുചീകരണം നടത്തി



**കണ്ണൂർ:** കണ്ണൂർ സിറ്റി മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യായുടെ ആഭിമുഖ്യത്തിൽ കണ്ണൂർ അഹ്മദിയ്യാ ഖബർസ്ഥാനിൽ വഖാറെ അമൽ നടത്തി. പരിപാടിയിൽ ഖാദിമീങ്ങൾക്ക് പുറമെ അൻസാർ, അത്ഫാൽ സഹോദരങ്ങൾ പങ്കെടുത്തു. പരിപാടിക്ക് ഖാഇദ് നിയാസ് അഹ്മദ്, കലീം എന്നിവർ നേതൃത്വം നല്കി.

## പോസ്റ്ററുകൾ നശിപ്പിച്ചു

**കണ്ണൂർ:** കണ്ണൂർ നഗരത്തിലും പരിസരപ്രദേശങ്ങളിലും ഖുദ്ദാമുൽ അഹ്മദിയ്യാ പ്രവർത്തകർ ഒട്ടിച്ച ഖിലാഫത്ത് ജൂബിലി പോസ്റ്ററുകൾ സാമൂഹിക വിരുദ്ധർ നശിപ്പിച്ചു. പോസ്റ്ററുകൾ ഒട്ടിച്ച് മണിക്കൂറുകൾക്കകംതന്നെ മിക്കസ്ഥലങ്ങളിലും അവയെ നശിപ്പിച്ചതായി കണ്ടെത്തി. ഈ കുത്സിതശ്രമത്തിന് പിറകിൽ ആസൂത്രിതമായ നീക്കങ്ങളുണ്ടെന്ന് സംശയിക്കപ്പെടുന്നു. കണ്ണൂരിൽ സാമൂഹികവിരുദ്ധർ ജമാഅത്തിനെതിരെ ഒന്നിച്ചിരിക്കുകയാണ്.

## ഖിദ്മത്തെ ഖൽഖ്

**അലനെല്ലൂർ:** മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യായുടെ ആഭിമുഖ്യത്തിൽ 9.3.08 മുതൽ 15.3.08 വരെ ഖിദ്മത്തെ ഖൽഖ് വാരം നടത്തി. ഖാഇദ് സി.എസ്. ഇല്യാസ് അഹ്മദിന്റെ നേതൃത്വത്തിൽ ആശുപത്രികൾ സന്ദർശിച്ച് പാവപ്പെട്ട രോഗികൾക്ക് സഹായങ്ങൾ ചെയ്തു. ദരിദ്രരായ ആളുകൾക്ക് വസ്ത്രങ്ങൾ നൽകുകയും കാൻസർ രോഗികളെ സഹായിക്കുന്ന ഫണ്ടിലേക്ക് സാമ്പത്തിക സഹായങ്ങൾ നൽകുകയും ചെയ്തു.

# ഘാന പ്രസിഡണ്ട് ഹുസൂറിനെ സന്ദർശിച്ചു

**ഘാന:** ഘാനയിൽ പര്യടനം നടത്തുന്ന ഹുസൂറിനെ ഘാന റിപ്പബ്ലിക്കൻ പ്രസിഡണ്ട് ജോൺ അഗീക്ക് കുഫൂർ ഏപ്രിൽ 16-ന് അക്കാറയിലെ കാസിൽഒസ്സുയൻ വെച്ച് സന്ദർശിച്ചു. ഘാനയിലെ വിദ്യാഭ്യാസ- കാർഷിക വ്യവസ്ഥകളെക്കുറിച്ച് ഇരു നേതാക്കന്മാരും സംസാരിച്ചു. ഘാനയുടെ സർവ്വതോമുഖമായ പുരോഗതിക്ക് അഹ്മദിയ്യാ ജമാഅത്ത് ചെയ്യുന്ന സേവനങ്ങളെ പ്രസിഡണ്ട് എടുത്തുപറഞ്ഞു. ഘാനയുടെ വളർച്ചക്ക് പിന്നിൽ ഹുസൂറിന്റെ ദുആയുണ്ടെന്ന് അദ്ദേഹം കൂട്ടിച്ചേർത്തു. 2004-ൽ ഹുസൂർ ഘാന സന്ദർശിച്ചപ്പോൾ പ്രസിഡണ്ടുമായി നടന്ന സംസാരത്തിനിടെ ഘാനയിൽ എണ്ണ സമ്പത്തുണ്ടാകാനുള്ള സാധ്യതയെപ്പറ്റി പറഞ്ഞിരുന്നു. ഹുസൂറിന്റെ വാക്ക് മുഖവിലക്കെടുത്തുകൊണ്ട് നടത്തിയ പരീക്ഷണങ്ങളെത്തുടർന്ന് 2007-ൽ എണ്ണ ഉൽപ്പാദനം തുടങ്ങിയ വിവരം പ്രസിഡണ്ട് അറിയിച്ചപ്പോൾ ഹുസൂർ എണ്ണ സമ്പത്തുകൊണ്ട് ഘാനക്ക് വളരെ വികസിക്കാനാവുമെന്ന് അഭിപ്രായപ്പെട്ടു. ഘാനക്കുവേണ്ടി നിരവധി അഹ്മദികൾ മഹത്തായ സേവനങ്ങൾ അനുഷ്ഠിക്കുന്നുണ്ടെന്ന് പ്രസിഡണ്ട് വെളിപ്പെടുത്തി. അഹ്മദിയ്യാ ജമാഅത്തിന്റെ സേവനങ്ങൾ കണക്കിലെടുത്തുകൊണ്ട് ജമാഅത്തിന് സ്കൂൾ ബസ്സുകൾ സംഭാവന ചെയ്ത കാര്യവും പ്രസിഡണ്ട് ഹുസൂറിനെ അറിയിച്ചു.

## തർബിയ്യത്ത് യോഗം നടത്തി

**മണ്ണാർക്കാട്:** 25.04.08 ന് വെള്ളിയാഴ്ച മഗ്‌രിബ്നു ശേഷം ഖായിദ് മുസഫർ അഹ്മദ് സാഹിബിന്റെ അധ്യക്ഷതയിൽ ചേർന്ന തർബിയ്യത്ത് യോഗത്തിൽ മൗലവി യൂസുഫ് സാഹിബ്, ഇസ്‌ലാമിലെ പ്രധാന കർമ്മങ്ങളെപ്പറ്റിയും പല ഹദീസുകളും വിസ്തരിക്കുകയുണ്ടായി. യോഗത്തിൽ ഫിറോസ് അഹ്മദ് സാഹിബ് തിലാവത്തും ഫാസിൽ അഹ്മദ് സാഹിബ് പദ്യമാലപിക്കുകയും ചെയ്തു.

## പുസ്തകം പ്രകാശനം ചെയ്തു

**മണ്ണാർക്കാട്:** കേരള അഹ്മദിയ്യാ മുസ്‌ലിം വയോജന വിഭാഗത്തിന്റെ നേതൃത്വത്തിൽ ഖിലാഫത്ത് ജൂബിലിയോടനുബന്ധിച്ച് പ്രസിദ്ധീകരിച്ച നബിവചനങ്ങൾ ക്രോഡീകരിച്ച ‘ഹദീഖത്തുസ്സാലിഹീൻ’ എന്ന പുസ്തകവും ടെലിഫോൺ ഡയറിയും, ശുചിത്വത്തെക്കുറിച്ചുള്ള സി.ഡി കാസറ്റും പാലക്കാട് മേഖലാ അമീർ പ്രൊഫ. എം.കെ. അബ്ദുൽ കരീം സാഹിബ് പ്രകാശനം ചെയ്തു. മേഖലാ നാസിം അൻസാറുല്ലാഹ് എം.കെ. അബ്ദുൽ അസീസ് സാഹിബ് അധ്യക്ഷനായ യോഗത്തിൽ മൗലവി ഹിദായത്തുല്ലാഹ് സാഹിബ് ഖുർആൻ പാരായണവും സെയ്തൂട്ടി മാസ്റ്റർ, മൗലവി ഖമറുദ്ദീൻ എന്നിവർ പ്രസംഗിക്കുകയും ചെയ്തു. പ്രകാശനകർമ്മത്തിൽ പാലക്കാട്-തൃശ്ശൂർ സോണിലെ ആളുകൾ പങ്കെടുത്തിരുന്നു.

# വഖാറെ അമൽ

**എറണാകുളം:** എറണാകുളം ജമാഅത്തിലെ അത്ഫാലുകളും ഖാദിമീങ്ങളും അൻസാറുകളും ചേർന്ന് 2008 മാർച്ച് 30-ാം തിയ്യതി നടത്തിയ മാതൃകാ വഖാറെ അമൽ ശ്രദ്ധേയമായി. സുബ്ഹി നമസ്കാരത്തിനുശേഷം ഇരുപതോളം പേർ ചേർന്ന് മസ്ജിദ് ഉമറിന്റെ മുമ്പിലുള്ള സെന്റ് ബനഡിക്ട് റോഡ് വൃത്തിയാക്കുകയും കാനകളിൽ കെട്ടിക്കിടന്ന മാലിന്യങ്ങൾ നീക്കം ചെയ്യുകയും ചെയ്തു. പള്ളി പരിസരത്തുള്ള നാട്ടുകാർ അഹ്മദികളെ അഭിനന്ദിക്കുകയും റോഡ് വൃത്തിയാക്കാനാവശ്യമായ മൺവെട്ടി, ചട്ടി തുടങ്ങിയവ നല്കുകയും ചെയ്തു. റസിഡൻഷ്യൽ അസോസിയേഷൻ പ്രസിഡന്റായ, എറണാകുളത്തെ മുൻ എം.പി. ശ്രീ സേവ്യർ അറയ്ക്കലിന്റെ പത്നി അഹ്മദികളോട് കൂടുതൽ സഹായം അഭ്യർത്ഥിച്ചിട്ടുണ്ട്. റസിഡൻഷ്യൽ അസോസിയേഷന്റെ പ്രഥമയോഗം നടത്തുവാൻ എറണാകുളം പള്ളിയങ്കണം വിട്ടുകൊടുക്കാമെന്ന് മേഖലാ അമീർ ബി.ബി. അഹ്മദ് കബീർ സാഹിബ് വാഗ്ദാനം ചെയ്തിട്ടുമുണ്ട്. മൗലവി നാസിർ അഹ്മദ്സാഹിബ്, ഖുദ്ദാമുൽ അഹ്മദിയ്യാ വഖാറെ അമൽ സെക്രട്ടറി ടി.പി. വസീം അഹ്മദ് സാഹിബ് എന്നിവരാണ് മാതൃകാ വഖാറെ അമലിന് നേതൃത്വം നല്കിയത്.

*(പേജ് 1-ൽനിന്ന്)*

ക്കണമെന്നും അമുസ്‌ലിംകൾക്കെതിരെ ഈ കുറ്റം ചുമത്തരുതെന്നും അദ്ദേഹം പ്രസ്താവിച്ചു.

വിവാഹക്ഷണക്കത്തുകളിൽ ബിസ്മില്ലാഹി എന്ന് അച്ചടിച്ചതിന് പോലും അഹ്മദികൾക്കെതിരെ മതനിന്ദാകുറ്റം ചുമത്തി കേസെടുക്കുകയാണ്.

ഇന്റർ റിലീജ്യസ് പീസ് കൗൺസിൽ ചെയർപേഴ്സൺ ജാകിലിൻ ട്രസ്റ്റർ, മതനിന്ദാകുറ്റം പകപോക്കലിനുള്ള ഉപാധിയായിത്തീർന്നിരിക്കുകയാണെന്നും അടിയന്തിരമായും നിയമം പരിഷ്കരിക്കണമെന്നും പ്രസ്താവിച്ചു.

ഏപ്രിൽ 2008 റബിഉൽഅവ്വൽ-റബിഉൽആഖിർ

## ഖിലാഫത്തിന്റെ അനുഗ്രഹത്തിലേക്ക്

**ഖി**ലാഫത്തിന്റെ അനുഗ്രഹം ചൊരിയപ്പെടുന്ന പുണ്യകാലമാണിത്. ഇക്കാലത്ത് ജീവിക്കാൻ ഇടയായതിൽ പരമകാരുണികന് സ്തുതി. എത്രയോ വലിയ സൗഭാഗ്യമാണിത്. ദൈവത്തിന്റെ പ്രതിപുരുഷൻ നയിക്കുന്ന വിശുദ്ധജമാഅത്തിൽ നിലനില്ക്കാനുള്ള അനുഗ്രഹം മഹത്തരം തന്നെ. നമ്മുടെ ഹൃദയങ്ങളിൽ അനുഗ്രഹത്തിന്റെ വിശുദ്ധലേപനം നിറയുന്നുണ്ട്. അഹ്മദികളുടെ പ്രവർത്തനങ്ങളിലും ഈയ്യൊരു കാലത്തിന്റെ സൗന്ദര്യം നിറയുന്നു. ദൈവകല്പനകൾ നിത്യജീവിതത്തിൽ പിന്തുടരുന്നത് ദൈവനിയോഗിതനായ ഒരാളിലൂടെയാകുന്നതിന്റെ സുഖം അഹ്മദികളുടെ മാത്രം അനുഭവമാകുന്നു.

ഖിലാഫത്ത് ഒരു പാശമാണ്. അതിന്റെ സുരക്ഷിതത്വം മനുഷ്യനിർമ്മിതമല്ല. മനുഷ്യന്റെ പരിമിതികൾക്കും പരിധികൾക്കുമപ്പുറം ദൈവത്തിന്റെ അനിഷേധത്വമാണുള്ളത്. ഈ അനിയതമായ അവസ്ഥ ദൈവികമായ ശക്തിയും സൗന്ദര്യവുമാണ്. ഇത്തരം ഗുണവിശേഷങ്ങളുമായാണ് ഖിലാഫത്തിന്റെ പാശം ബന്ധപ്പെടുന്നത്. അപ്പോൾ ഖിലാഫത്തിന്റെ ദൃഢത അടിയുറച്ച ദൈവവിശ്വാസത്തിന്റേതുകൂടിയാണ്. ഒരാളുടെ ലക്ഷ്യത്തേയും സമീപനത്തേയും സ്വാധീനിക്കുന്നത് ദൈവവുമായുള്ള അയാളുടെ ബന്ധമാണ്. ഖിലാഫത്തുമായി അടുക്കുമ്പോൾ നമ്മളറിയുന്നത് ദൈവികതയുടെ സമ്മോഹനമായ പരിപൂർണ്ണതയത്രെ. ഒരു നൂറ്റാണ്ടായി അഹ്മദികൾ അറിയുന്ന ഈ പരിപൂർണ്ണത സാധാരണമല്ല. മറിച്ച്, പ്രവചനങ്ങളാൽ സംരക്ഷിക്കപ്പെട്ട ഒരു നിത്യതയാണ്.

ഖിലാഫത്തിന്റെ തണൽ അഹ്മദികളെ സംരക്ഷിക്കുന്നുണ്ടെന്ന് ശത്രുക്കൾക്കും നല്ല ബോധ്യമുണ്ട്. അതുകൊണ്ടാണ് ഇന്തോനേഷ്യയിലും മറ്റും തീവ്രമായ അഹ്മദിവിരുദ്ധ പ്രക്ഷോഭങ്ങൾ നടക്കുന്നത്. ഇക്കൂട്ടരൊന്നും ചരിത്രത്തിന്റെ താക്കീതുകൾ കാണുന്നില്ല. അഹ്റാരികളിൽ തുടങ്ങി സിയാഉൽ ഹഖ്‌വരെ എത്രയെത്ര ആളുകൾ? ആരുംതന്നെ ദൈവികമായതിനെ ഭേദിച്ചിട്ടില്ല. ഇനിയങ്ങനെയൊന്ന് സംഭവിക്കാനും പോകുന്നില്ല. ഈ കൊച്ചുകേരളത്തിൽപോലും ഖിലാഫത്തിന്റെ ശതവാർഷികാഘോഷങ്ങളിൽ അസൂയാലുക്കൾ അങ്ങിങ്ങായി തലപൊക്കുന്നു. മിതവാദികളുടെയും സമാധാനപ്രേമികളുടെയും പ്രതീക്ഷാജനകമായ ഇടപെടലുകൾ ഇല്ലെങ്കിൽ കേരളത്തിലും അഹ്മദിയ്യത്തിന്നെതിരെ പുരോഹിതവർഗ്ഗവും പിണിയാളുകളും രംഗത്തു വന്നേക്കാം. കാരണം ഖിലാഫത്തിന്റെ തണലിൽ ജമാഅത്ത് കൈവരിക്കുന്ന നേട്ടങ്ങൾ എല്ലാവരും കാണുന്നുണ്ട്. ഈ കാഴ്ചകളിൽ എതിരാളികൾ അസംതൃപ്തരാണ്; ലോകത്തെവിടെയുമെന്നപോലെ.

ഈ വിശുദ്ധകാലത്ത് അഹ്മദികൾ പുലർത്തേണ്ടുന്ന ജീവിതചര്യ മുഹമ്മദ്(സ) തിരുമേനിയുടെ പാഠങ്ങളാണ്. ഹദ്റത്ത് മസീഹ് മൗഊദ്(അ) ഊട്ടിയുറപ്പിച്ച ഈ പാഠങ്ങളിൽ മാനവികത ജീവിതത്തിലും സ്വഭാവത്തിലും നിലനിറുത്താനുള്ള കാര്യങ്ങളാണ് കൂടുതലും. ഇവയെ ജീവിതാവസാനംവരെ നിലനിറുത്തേണ്ടത് ഒരു അഹ്മദിയുടെ അടിസ്ഥാനപരമായ കടമയാണ്. ഇക്കാര്യം അടിക്കടി ഉണർത്തുന്നത് അതത് കാലങ്ങളിലെ ഖലീഫമാരാണ്. അങ്ങനെ വരുമ്പോൾ ഖിലാഫത്തിനോടുള്ള നമ്മുടെ പ്രതിബദ്ധതയും കടപ്പാടും എല്ലാ അർത്ഥത്തിലും പൂർണ്ണ അഹ്മദിയാകുക അഥവാ മാനവികത ഉയർത്തിപ്പിടിക്കുക എന്നതാണ്.

## ലജ്നാ ഇജ്തിമ

മെയ് 1-ാം തിയ്യതി ലജ്ന ഇമായില്ലായുടെ കണ്ണൂർ മേഖലാ ഇജ്തിമാ കൂടാളിയിൽ വെച്ച് നടന്നു. കേരള ലജ്ന ഇമായില്ലാഹ് സദർ ബി. ത്വാഹിറ സാഹിബ ഉദ്ഘാടനം ചെയ്തു. ലജ്ന മേഖലാ സെക്രട്ടറി വഹീദ സാഹിബ അധ്യക്ഷത വഹിച്ചു. 9 ജമാഅത്തുകളിൽനിന്നുമായി ഏകദേശം മുന്നൂറോളം പേർ പങ്കെടുത്തിരുന്നു. വിവിധ മത്സരങ്ങളിൽ ലജ്നയിൽ ഏറ്റവും കൂടുതൽ പോയിന്റ് കണ്ണൂർ ടൗണും, നാസിറാത്തിൽ പഴയങ്ങാടിയും കരസ്ഥമാക്കി.

15 ദിന നാസിറാത്ത് തർബിയ്യത്ത് ക്യാമ്പിൽ നിന്ന് ഏറ്റവും നല്ല നാസിറാത്തിനെ തെരഞ്ഞെടുത്തിരുന്നു. കണ്ണൂർ ടൗൺ ജമാഅത്തിലുള്ള അത്തിയത്തുൽ മുജീബ് തൂബയാണ് ബെസ്റ്റ് നാസിറാത്തായത്. ഹംസ സാഹിബിന്റെ മകളായ തൂബ 8-ാം തരം വിദ്യാർത്ഥിനിയാണ്.

## അറിയിപ്പ്

ഖിലാഫത്ത് ജൂബിലി ആഘോഷങ്ങൾ മെയ് മാസത്തിൽ എല്ലാ ജമാഅത്തുകളിലും നടക്കുകയാണ്. ഈ പരിപാടികളുടെ മുഴുവൻ വിവരങ്ങളും വിശദമായിത്തന്നെ അൽഹഖിലേക്ക് അയച്ചുതരാൻ ഖാഇദുമാർ ശ്രദ്ധിക്കേണ്ടതാണ്. കഴിയുന്നത്ര ഫോട്ടോകൾ അയച്ചുതരാൻ അപേക്ഷ. കൂടുതൽ വാർത്തകളും ഫോട്ടോകളും ഉൾപ്പെടുത്തി മെയ്മാസം അൽഹഖ് ഉടൻ പുറത്തിറങ്ങുന്നതാണ്.

*എഡിറ്റർ*

## മത അസഹിഷ്ണുത ഫുട്ബാളിലേക്കും



**കാലാലംപൂർ:** ഇസ്റായേൽ കോച്ചും കളിക്കാരനും ടീമിലുണ്ടെന്ന കാരണത്താൽ മലേഷ്യയിലേക്കുള്ള ഇംഗ്ലീഷ് ഫുട്ബാൾ ചാംപ്യൻസ് ക്ലബ്ബായ ചെൽസിയുടെ ടൂർ ബഹിഷ്കരിക്കാൻ 21 മുസ്‌ലിം ഗ്രൂപ്പുകൾ ചേർന്ന ഉലമായോഗം മലേഷ്യൻ സർക്കാരിനോടാവശ്യപ്പെട്ടു. ചെൽസി ഫുട്ബാൾ ടീമിന്റെ കോച്ച് അവ്റം ഗ്രാന്റും കളിക്കാരൻ ടാൽബെൻ ഹെയിമും ഇസ്രായേലികളാണ്. ഉലമാ കൗൺസിലിന്റെ വക്താവായ മുഹമ്മദ് അസ്മി അബ്ദുൽ ഹമീദ് പ്രസ്താവനയിൽ പാലസ്തീനികളോട് ഐക്യദാർഢ്യം പ്രകടിപ്പിച്ചുകൊണ്ട് മത്സരങ്ങൾ സർക്കാർ ബഹിഷ്കരിക്കണം എന്നാവശ്യപ്പെട്ടു. ഇസ്രായേൽ പൗരന്മാരെ മലേഷ്യയിൽ കടക്കാൻ അനുവദിച്ച സർക്കാർ തീരുമാനത്തിനെതിരെ ആഭ്യന്തരവകുപ്പിന് അവർ നിവേദനം നൽകിയിട്ടുണ്ട്. ഇരുവരേയും ഗ്രൗണ്ടിൽ ഇറങ്ങാൻ അനുവദിച്ചാൽ ജൂലൈ 29-ന് നടക്കുന്ന ചെൽസി-മലേഷ്യ മത്സരം പിക്കറ്റ് ചെയ്യുമെന്ന് ഉലമാക്കൾ ഭീഷണിപ്പെടുത്തിയിട്ടുണ്ട്.

എന്നാൽ, മത്സരവുമായി മുന്നോട്ടുപോകാൻ തന്നെയാണ് സർക്കാർ തീരുമാനം. "ചെൽസി ഒരു ഫുട്ബാൾ ടീമാണ്. അതിൽ ഇസ്രയേലികൾ കളിക്കുന്നതിൽ ഞങ്ങൾ തെറ്റൊന്നും കാണുന്നില്ല." മലേഷ്യൻ വിദേശമന്ത്രി റയീസ് യത്തീം പറഞ്ഞു.

## മസീഹ് മൗഊദ് ദിനയോഗം

**കണ്ണൂർ**: കണ്ണൂർ ടൗൺ മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യായുടെ ആഭിമുഖ്യത്തിൽ മസീഹ് മൗഊദ് ദിനയോഗം നടത്തി. നാഇബ് ഖാഇദ് ഫഹിം മസൂദ് അധ്യക്ഷം വഹിച്ചു. ജിജിൻ നിസാർ, തഹ്സീർ എന്നിവർ പ്രസംഗിച്ചു.

**എറണാകുളം**: മേഖലാ അമീർ ബി.ബി. അഹ്മദ് കബീർ സാഹിബിന്റെ അധ്യക്ഷതയിൽ മാർച്ച് 23-ാം തിയ്യതി മസ്ജിദ് ഉമറിൽവച്ച് മസീഹ് മൗഊദ് ദിനയോഗം നടത്തി. മഞ്ചേശ്വരം ഖാഇദ് അബ്ദുസ്സലാം സാഹിബ് വിശുദ്ധഖുർആൻ പാരായണം ചെയ്തു. താഹിർ അഹ്മദ് സാഹിബ് പദ്യം ചൊല്ലി. മൗലവി നാസിർ അഹ്മദ് സാഹിബ് മുഖ്യപ്രഭാഷണം നിർവഹിച്ചു. അന്നേ ദിവസം ജമാഅത്തംഗങ്ങൾ നഫൽ നോമ്പ് അനുഷ്ഠിക്കുകയും പള്ളിയിൽവച്ച് ഒരുമിച്ച് നോമ്പ് തുറക്കുകയും ചെയ്തു.

## അഹ്മദീ ഹെഡ്മാസ്റ്ററെ തിരിച്ചയച്ചു

**പസ്റൂർ (പാക്കിസ്ഥാൻ):** വിദ്യാർത്ഥികളുടെയും രക്ഷിതാക്കളുടെയും കനത്ത സമ്മർദ്ദത്തെ തുടർന്ന് പസ്റൂർ ഗവർമ്മെന്റ് ഹൈസ്കൂൾ ഹെഡ്മാസ്റ്ററായി നിയമിതനായ അഹ്മദിയെ തിരിച്ചുവിളിക്കാൻ പാക്കിസ്ഥാൻ സർക്കാർ തീരുമാനിച്ചു. ഹെഡ്മാസ്റ്ററായി ചുമതലയേൽക്കാൻ പോയ അദ്ദേഹത്തെ ആയിരക്കണക്കിന് വിദ്യാർത്ഥികളും നാട്ടുകാരും ഘെരാവോ ചെയ്യുകയും ചാർജ്ജെടുക്കാൻ അനുവദിക്കാതെ തിരിച്ചയക്കുകയുമാണുണ്ടായത്. ജില്ലാ വിദ്യാഭ്യാസ ഓഫീസർ അഹ്മദിയ്യാ ഹെഡ്മാ സ്റ്ററെ തിരിച്ചുവിളിക്കാൻ സമ്മതിച്ചതിനെ തുടർന്നാണ് പ്രക്ഷോഭകർ തിരിച്ചുപോയത്. മുത്താഹിദ-മജ്‌ലിസെ - അമൻ എന്ന സംഘടനയുടെ നേതൃത്വത്തിലായിരുന്നു പ്രക്ഷോഭം നടന്നത്.

## അഹ്മദീ ഡോക്ടർ കൊല്ലപ്പെട്ടു

**പെഷവാർ:** പെഷവാറിനു സമീപമുള്ള ഗ്രാമത്തിൽ വെച്ച് അഹ്മദിയ്യാ ഡോക്ടറായ ജനാബ് സർവാർ സാഹിബ് ശഹീദാക്കപ്പെട്ടു. മാർച്ച് 19-ന് രാത്രി 8 മണിക്കാണ് ഹീനകൃത്യം നടന്നത്. 1984-ൽ അഹ്മദിയ്യാ വിരുദ്ധ നിയമം നടപ്പിലാക്കിയശേഷം പാക്കിസ്ഥാനിൽ ശഹീദാക്കപ്പെടുന്ന 89-ാമത്തെ അഹ്മിയ്യാണ് ഡോ. സർവാർ. വീട്ടിൽവച്ചു തന്നെ ചികിത്സ നടത്തുന്ന ഡോക്ടർക്ക് അദ്ദേഹത്തിന്റെ സൗമ്യമായ പെരുമാറ്റം മൂലം ഗ്രാമത്തിൽ നല്ല ബഹുമാനം ലഭിച്ചിരുന്നു. വ്യക്തിപരമായി ആരും തന്നെ ശത്രുക്കളില്ലാതിരുന്ന അദ്ദേഹത്തെ അഹ്മദിയ്യാണെന്ന ഒരൊറ്റ കാരണം കൊണ്ടാണ് ഭീകരർ വധിച്ചത്. മുമ്പും അദ്ദേഹത്തിനുനേരെ വധശ്രമമുണ്ടായിരുന്നു. കോളിംഗ് ബെല്ലടിച്ച് ഡോക്ടറെ പുറത്തെത്തിച്ചശേഷം നിറയൊഴിക്കുകയായിരുന്നു. ഗ്രാമത്തിലെ ഏക അഹ്മദീ കുടുംബമാണ് ഡോക്ടർ സർവറുടേത്.

## പൊതു യോഗം

**പഴയങ്ങാടി**: 02.04.08 അസ്ർ നമസ്കാരാനന്തരം പഴയങ്ങാടി ബസ്റ്റാന്റിന്റെ പരിസരത്ത് വെച്ച് ഖിലാഫത്ത് തബ്ലീഗ് കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ പൊതുയോഗം സംഘടിപ്പിച്ചു. മൗലവി മുഹമ്മദ് ഇസ്മായീൽ സാഹിബും, മൗലവി സലീം സാഹിബും പ്രസംഗിച്ചു.

## ധാർമ്മിക സംസ്ഥാപനത്തിന് മതംവേണം

**പഴയങ്ങാടി**: മതങ്ങൾ ധാർമ്മിക സംസ്ഥാപനത്തിന് ഏറ്റവും ആവശ്യമായ സംവിധാനമാണെന്നും അസ്വസ്ഥമായ മനസ്സിന് സാന്ത്വനവുമായാണ് മതങ്ങൾ എത്തിച്ചേരുന്നതെന്നും മൗലവി മുഹമ്മദ് ഇസ്മായീൽ സാഹിബ് പറഞ്ഞു. മതഗുരുക്കന്മാർ അന്ധകാരമയമായ ജീവിതപാതയിൽ വഴികാട്ടികളാണ്. താളംതെറ്റുന്ന മനുഷ്യമനസ്സിൽ സംയമനത്തിനു വേണ്ടിയാണ് മതഗ്രന്ഥങ്ങളിലെ പാഠങ്ങൾ സഹായകമാവുന്നത്. ജീവിതത്തെ ശുദ്ധീകരിക്കാനുള്ള പ്രക്രിയയാണ് പ്രാർത്ഥനകളിലൂടെ നിർവഹിക്കുന്നത്. ആധുനിക ജീവിതത്തിൽ ഉപഭോഗ താല്പര്യങ്ങൾക്കിടയിൽ മനുഷ്യന്റെ അവസ്ഥ കൂടുതൽ സങ്കീർണ്ണമായിത്തീരുന്നു. അക്രമത്തിന്റെയും അരക്ഷിതാവസ്ഥയുടെയും ഭീകരവാദത്തിന്റെയും മൃഗീയവാഞ്ഛ പെരുകുന്നു. മതങ്ങളുടെ പാഠം സഹനത്തിന്റെയും സമാധാനത്തിന്റെയും ശാന്തിയുടെയും സന്ദേശമാണെന്ന് തിരിച്ചറിഞ്ഞ് ലോകമാകെയുള്ള ആത്മീയനേതൃത്വത്തിന്റെ കീഴിൽ അണിനിരന്ന് ദൈവമാർഗ്ഗം കൈക്കൊള്ളണമെന്ന് അദ്ദേഹം പറഞ്ഞു. പഴയങ്ങാടി ബസ്റ്റാന്റിന് സമീപം അഹ്മദിയ്യാ ഖിലാഫത്ത് സമ്മേളനത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.

*ചരിത്രപഥം*

# മേച്ചിറക്കൽ കുഞ്ഞമ്മദുകുട്ടിസാഹിബ്

**ക**ണ്ണൂരിൽ കുറുവ എന്ന സ്ഥലത്ത് താമസിച്ചിരുന്ന എം. കുഞ്ഞമ്മദുകുട്ടിസാഹിബ് കടപ്പുറക്കാരുടെ ഒരു മൂപ്പനായിരുന്നു.

അഭ്യാസമുറകളെല്ലാം പഠിച്ച ഈ കരുത്തൻ അഹ്മദിയ്യത്ത് സ്വീകരിച്ചത് കണ്ണൂർജമാഅത്തിന് ശക്തി പകരുകയും കണ്ണൂരിലെ അഹ്മദികൾക്ക് രക്ഷാകവചമാവുകയും ചെയ്തു. ജമാഅത്തിന്റെ പുരോഗതിക്കായുള്ള പ്രവർത്തനങ്ങളിൽ അദ്ദേഹം നിരന്തരവും സജീവവുമായ പങ്കാളിത്തം നിർവഹിച്ചു. 1914-ലാണ് അദ്ദേഹം അഹ്മദിയ്യാ ജമാഅത്തിൽ പ്രവേശിച്ചത്.

അഹ്മദിയ്യത്ത് സ്വീകരിക്കുകമൂലം അദ്ദേഹത്തിനും മറ്റും നേരിടേണ്ടി വന്നത് അസഹനീയമായ ദ്രോഹങ്ങളാണ്. 1915 ആഗസ്റ്റ് മാസം അദ്ദേഹത്തേയും മറ്റു ചില യുവാക്കളേയും ബലാൽക്കാരമായി അഹ്മദിയ്യത്തിൽനിന്ന് വേർപെടുത്തുവാൻ ശത്രുക്കൾ തീരുമാനിക്കുകയും തുടർന്ന് അവരുടെമേൽ മർദ്ദനങ്ങൾ അഴിച്ചുവിടുകയും ചെയ്തു.

കുഞ്ഞമ്മദുകുട്ടിസാഹിബിനെയാകട്ടെ ശത്രുക്കൾ ചക്കരപാണ്ടികശാലയിലെ റൂമിലിട്ട് ഉപദ്രവിച്ചു. മുറിപൂട്ടി അദ്ദേഹത്തെ തടവിലാക്കി. പിന്നീട് അനേകമാളുകൾ കൂട്ടംചേർന്ന് ഒരു മൃഗത്തെയെന്നപോലെ അദ്ദേഹത്തെ റോഡിലൂടെ തെളിച്ചുകൊണ്ടുപോയി ഖാസിയുടെ മുന്നിൽ ഹാജരാക്കി..... ഈ സംഭവംമൂലം അദ്ദേഹത്തിന്റെ ഈമാനും ഇസ്തിഖാമത്തും തഖ്വയും വർദ്ധിച്ചുവെന്നല്ലാതെ വിരോധികൾക്ക് അതുകൊണ്ട് ഒരു നേട്ടവും കൈവരിക്കാനായില്ല.

കുലമിഹമയും പ്രസിദ്ധിയുമുള്ള വ്യക്തിയും, നിമിഷകവിയായി പേരെടുത്ത തോട്ടത്തിൽ മായിൻകുട്ടിക്കാന്റെ മകനുമായിരുന്നു എം. കുഞ്ഞമ്മദുകുട്ടിസാഹിബ്. അദ്ദേഹത്തിന്റെ തലയെടുപ്പോടെയുള്ള നടത്തം ഗാംഭീര്യത പ്രദർശിപ്പിച്ചു. അരോഗദൃഢഗാത്രനായ അദ്ദേഹം ആദ്യകാലത്ത് മേധാവിത്വവും ശൂരതയും വെളിപ്പെടുത്തുന്ന ജീവിതം നയിച്ചിരുന്നുവെങ്കിലും, പിന്നീട് അദ്ദേഹത്തിൽനിന്ന് സാത്ത്വികതയുടേയും ഭയഭക്തിയുടേയും മാതൃകകളാണ് പ്രകടമായിരുന്നത്.

കുഞ്ഞമ്മദുകുട്ടിസാഹിബിന്റെ സന്താനപരമ്പരയിൽ ഇന്ന് അനേകം അഹ്മദികളുണ്ട്. തന്റെ പെൺമക്കളെയെല്ലാം അഹ്മദികൾക്കു തന്നെ വിവാഹം ചെയ്തുകൊടുക്കാൻ അദ്ദേഹത്തിന് ഭാഗ്യം ലഭിച്ചു. ത്യാഗധനരായ അഹ്മദികളെയാണ് തന്റെ മക്കൾക്കായി അദ്ദേഹം തിരഞ്ഞെടുത്തത്. അദ്ദേഹത്തിന്റെ മക്കളിൽനിന്ന് ടി. ആസീമാസാഹിബയെ പൂവളപ്പിൽ കമാൽകുട്ടി സാഹിബും, കെ.പി. കുഞ്ഞിമറിയംസാഹിബയെ തുർക്കിന്റവിട അബ്ദുൽഖാദിർസാഹിബും, ടി. അസ്മാ സാഹിബയെ കണ്ടത്തിൽ സൈദാറകത്ത് ഹസ്സൻസാഹിബും, ടി. ഖദീജക്കുഞ്ഞി സാഹിബയെ മേച്ചറക്കൽ മൊയ്തുസാഹിബും വിവാഹം ചെയ്തു. കണ്ണൂർ ജമാഅത്തിന്റെ ഒരു ശക്തിദുർഗ്ഗമായിരുന്ന മേച്ചിറക്കൽ- മല്ലൻ-കുഞ്ഞമ്മദുകുട്ടിസാഹിബ് 1953-ൽ കണ്ണൂരിൽവച്ച് അന്ത്യയാത്ര പറഞ്ഞു.

*(അവലംബം: കേരള അഹ്മദിയ്യാ ചരിത്രത്തിന് ഒരാമുഖം - എ. അബ്ദുശ്ശക്കൂർ)*

# പള്ളികൾ മതസൗഹാർദ്ദകേന്ദ്രങ്ങൾ: ബി.ബി. അഹ്മദ് കബീർ സാഹിബ്



**എറണാകുളം:** മുസ്ലിം പള്ളികൾ എല്ലാ മതസ്ഥർക്കും ഏകദൈവാരാധനയ്ക്കായി സ്വാഗതമരുളുന്നതാണെന്നും സമൂഹപുരോഗതിയ്ക്കുവേണ്ടി പ്രവർത്തിക്കുന്ന ഏതു സംഘടനകളുമായും സഹകരിച്ച് പ്രവർത്തിക്കുന്നതിന് അഹ്മദികൾ മുന്നിട്ടിറങ്ങുന്നവരാണെന്നും എറണാകുളം മേഖലാ അമീർ ബി.ബി. അഹ്മദ് കബീർ സാഹിബ് പറഞ്ഞു. എറണാകുളം മസ്ജിദ് ഉമർ അങ്കണത്തിൽവച്ച് ചേർന്ന സെന്റ് ബെനഡിക്ട് റോഡ് റെസിഡന്റ്സ് അസോസിയേഷന്റെ ഉദ്ഘാടനചടങ്ങിൽ ആശംസകളർപ്പിച്ച് സംസാരിക്കുകയായിരുന്നു അദ്ദേഹം. ഡോക്ടർമാരും എഞ്ചിനീയർമാരുമുൾപ്പെടെ വിവിധ ജാതിമതസ്ഥർ പങ്കെടുത്ത യോഗത്തിൽ സാമൂഹികസേവന രംഗത്തുള്ള ഇസ്ലാമിന്റെ പങ്കിനെക്കുറിച്ചും ഇത്തരം പ്രവർത്തനങ്ങളിൽ മുന്നിട്ടിറങ്ങുന്നതിനുള്ള അഹ്മദികളുടെ സന്നദ്ധതയെക്കുറിച്ചും അമീർ സാഹിബ് വിശദീകരിക്കുകയുണ്ടായി. നഗരപരിപാലനത്തെക്കുറിച്ചും ശുചീകരണത്തെക്കുറിച്ചുമുള്ള അമീർസാഹിബിന്റെ പല നിർദ്ദേശങ്ങളും സദസ് ഹർഷാരവത്തോടെയാണ് സ്വീകരിച്ചത്. കൊച്ചി കോർപ്പറേഷൻ മേയർ പ്രൊഫസർ മേഴ്സി വില്യംസ് അസോസിയേഷന്റെ ഉദ്ഘാടനകർമ്മം നിർവഹിച്ചു. അസോസിയേഷൻ ഭാരവാഹികളും ജനപ്രതിനിധികളും യോഗത്തിൽ സംസാരിച്ചു. ഒരു മുസ്ലിം ദേവാലയ പരിസരം ഇത്തരത്തിലുള്ള യോഗം നടത്താൻ വിട്ടുകിട്ടിയതിൽ യോഗത്തിൽ പങ്കെടുത്തവർ സന്തോഷവും അത്ഭുതവും പ്രകടിപ്പിച്ചു. മുൻഡപ്യൂട്ടി മേയറും കൗൺസിലറുമായ ശ്രീ. സാബുജോർജ് അഹ്മദികളുടെ സേവന മനോഭാവത്തിന് പ്രത്യേകം നന്ദി പറഞ്ഞു. പള്ളി ചുറ്റിനടന്ന് കണ്ട ജനപ്രതിനിധികൾക്ക് എം.ടി.എയെക്കുറിച്ചും മറ്റും വിശദമാക്കാനും ജമാഅത്ത് ഭാരവാഹികൾ ശ്രദ്ധിച്ചു. യോഗനടത്തിപ്പിനായുള്ള സൗകര്യങ്ങളൊരുക്കുന്നതിലും മറ്റും എറണാകുളം ജമാഅത്തിലെ ഖാദിമീങ്ങളും അൻസാറുകളും ആത്മാർത്ഥതയോടെ സഹകരിച്ചു. ഏതാനും നാളുകൾക്ക് മുമ്പേ എറണാകുളത്തെ അഹ്മദികൾ നടത്തിയ മാതൃകാ വഖാറെ അമൽ പരിസരവാസികളുടെ ശ്രദ്ധയാകർഷിച്ചിരുന്നു.

# മക്കാ സമയം സ്വീകരിക്കണമെന്ന് മുസ്ലിം ശാസ്ത്രജ്ഞർ

**ദോഹ:** ഖത്തറിൽ ചേർന്ന മുസ്ലിം ശാസ്ത്രജ്ഞരുടെ യോഗം □□□ സമയത്തിന് പകരം മക്കയിലെ സമയം സമയനിർണ്ണയത്തിനുള്ള അടിസ്ഥാന മാനദണ്ഡമായി സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ടു. ഏറ്റവും പുതിയ ശാസ്ത്രീയ വെളിപ്പെടുത്തൽ അനുസരിച്ച് സൗദി അറേബ്യയിലെ കഅ്ബ സ്ഥിതിചെയ്യുന്ന മക്കാ പട്ടണം ഭൂമിയുടെ ഒത്ത മധ്യത്തിലാണ്. ആയതിനാൽ സമയനിർണ്ണയത്തിന്റെ കൃത്യത ഉറപ്പുവരുത്താൻ ഈ സമയം സ്വീകരിക്കണം. ബ്രിട്ടീഷുകാർ ലോകം കോളനിവൽക്കരിച്ച് അടക്കി വാണിരുന്നപ്പോഴാണ് ഗ്രീനിച്ച് സമയം ലോകസയമായി അഗീകരിച്ചത്. ഇന്ന് ഈ സ്ഥിതിക്ക് മാറ്റം വന്നിരിക്കുകയാണ്. കൂടാതെ അയനരേഖകളിലുള്ള വ്യതിയാനം ഗ്രീനിച്ച് സമയത്തിന് കൃത്യത നഷ്ടപ്പെടുത്തുകയുമാണ്. ആയതിനാൽ കഅ്ബയിലെ സമയം ലോകസമയമായി അംഗീകരിക്കണമെന്ന് യോഗം ആവശ്യപ്പെട്ടു.

# ആയിരങ്ങൾ ഹുസൂറിനെ നേരിട്ട് കണ്ടു

**ഘാന:** ആഫ്രിക്കയിലെ വിവിധ രാജ്യങ്ങളിൽ നിന്നെത്തിയ ആയിരക്കണക്കിന് അഹ്മദികൾക്ക് ഘാനയിലെ ബാഹെ-അഹ്മദ് ടൗണിൽവച്ച് ഹുസൂറിനെ നേരിട്ട് കാണാനും സംസാരിക്കാനും ഭാഗ്യം ലഭിച്ചു. ഹുസൂർ എത്തുന്നതിന് മുമ്പുതന്നെ നീണ്ടനിര ടൗണിൽ പ്രത്യക്ഷപ്പെട്ടു. വൈകുന്നേരം 5.30 മുതൽ ബുർക്കിനഫാസോ, ഗാംബിയ, ഘാന, ഐവറികോസ്റ്റ്, മാലി, ടോഗോ തുടങ്ങിയ രാജ്യങ്ങളിൽ നിന്നുമെത്തിയവരുമായി ഹുസൂർ മുലാക്കാത്ത് ആരംഭിച്ചു. എല്ലാവരോടും പുഞ്ചിരിച്ചുകൊണ്ട് കുശലാന്വേഷണം നടത്തി. കുട്ടികൾക്ക് ചോക്ലേറ്റും പേനകളും സമ്മാനമായി നൽകി. വിവിധ പ്രദേശങ്ങളിൽ നിന്നുള്ള ആചാരങ്ങളനുസരിച്ച് കൈകൊടുത്തും, വണങ്ങിയും കൈകൾ ചുംബിച്ചു കൊണ്ടും ജനങ്ങൾ ഹുസൂറിനെ അഭിവാദ്യം ചെയ്തു. ഹുസൂറിനെ നേരിട്ട് കാണാനുണ്ടായ സൗഭാഗ്യംമൂലമുള്ള സന്തോഷവും സംതൃപ്തിയും എല്ലാവരുടേയും മുഖത്ത് കാണാമായിരുന്നു. വൈകുന്നേരം 7.30 ഓടുകൂടി ചടങ്ങ് അവസാനിച്ചു.

# ഖിലാഫത്ത് ജൂബിലി പ്രചാരണയോഗം

**മണ്ണാർക്കാട്:** ജമാഅത്തിന്റെ ആഭിമുഖ്യത്തിൽ ഖിലാഫത്ത് ജൂബിലി പ്രചാരണയോഗം സംഘടിപ്പിച്ചു. 22.03.08 ശനിയാഴ്ച വൈകുന്നേരം പള്ളിയങ്കണത്തിൽ വെച്ചുനടത്തിയ യോഗത്തിൽ മൗലവി ഇസ്മായിൽ സാഹിബ് ആലപ്പുഴ പ്രസംഗിച്ചു. മാനവലോകത്തിന്റെ ഇന്നത്തെ അവസ്ഥയും ഇക്കാലഘട്ടത്തിൽ ഇസ്ലാമിന്റെ പ്രസക്തിയേയും കുറിച്ച് അദ്ദേഹം സംസാരിക്കുകയുണ്ടായി. ഇസ്ലാമിന്റെ വിജയം അഹ്മദിയ്യാ ജമാഅത്തിലൂടെ മാത്രമായിരിക്കുമെന്നും അഹ്മദിയ്യാ ജമാഅത്തിന്റെ പ്രവർത്തനോദ്ദേശ്യം മതമൈത്രിയാണെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. ഇസ്ലാമിക ഖിലാഫത്തിന്റെ പ്രാധാന്യവും നൂറു വർഷം പിന്നിടുന്ന അഹ്മദിയ്യാ ഖിലാഫത്തിനെപ്പറ്റിയും പ്രതിപാദിച്ചു. നായിബ് നാസിം ഇലാക്ക പാലക്കാട് ജനാബ് എം.കെ. അബ്ദുൽ അസീസ് സാഹിബിന്റെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ മുസമ്മിൽ അഹ്മദ് സാഹിബ് ഖുർആൻ പാരായണം നടത്തി. മൗലവി മുഹമ്മദ് യൂസുഫ് സാഹിബ് സ്വാഗതവും മുസഫർ അഹ്മദ് സാഹിബ് നന്ദിയും നിർവ്വഹിച്ചു. പാലക്കാട്- തൃശ്ശൂർ മേഖലാ അമീർ ജനാബ് എം.കെ. അബ്ദുൽ കരീം സാഹിബ് യോഗത്തിൽ പങ്കെടുത്തു. കൂടാതെ പാലക്കാട് മേഖലയിലെ വിവിധ ജമാഅത്തുകളിലെ പ്രതിനിധികളും പങ്കെടുത്തു.

# സ്ത്രീകൾക്ക് പ്രത്യേകം പള്ളി വേണമെന്ന് ആവശ്യം

**ലക്നോ:** അഖിലേന്ത്യാ മുസ്ലിം വനിതാ വ്യക്തി നിയമ ബോർഡ് മുസ്ലിം സ്ത്രീകൾക്ക് നമസ്കരിക്കാൻ പ്രത്യേകം പള്ളികൾ നിർമ്മിക്കണമെന്ന ആവശ്യവുമായി രംഗത്തെത്തി. ഇസ്ലാമിൽ സ്ത്രീകൾക്ക് പള്ളിയിലുള്ള നമസ്കാരം അനുവദിച്ചിട്ടുണ്ടെന്നും അതിനായി ഉലമാക്കളും മറ്റ് സമുദായ സ്വാധീനമുള്ള വ്യക്തികളും ചേർന്ന് ഇക്കാര്യത്തിൽ അനുകൂല നിലപാടെടുക്കണമെന്നും ബോർഡ് അധ്യക്ഷ ശായിസ്താ അമ്പർ ആവശ്യപ്പെട്ടു. നബിതിരുമേനിയുടെ പത്നിമാരിൽ ഒരാളായിരുന്ന ഹദ്റത്ത് ബീബി ഹഫ്സ പള്ളിയിൽവച്ച് സ്ത്രീകൾക്ക് ഇമാമായ കാര്യം അവർ എടുത്തുപറഞ്ഞു. മീററ്റിലെ മദ്രസ്സയിൽ നിന്നും 13 പെൺകുട്ടികൾ മൗലവി ഡിഗ്രി പാസ്സായിട്ടുണ്ട്. അതുകൊണ്ടുതന്നെ സ്ത്രീകൾക്ക് മാത്രമുള്ള പള്ളിയിൽ വനിതകൾക്കു തന്നെ ഇമാമായി നിൽക്കാവുന്നതാണെന്ന് അവർ അഭിപ്രായപ്പെട്ടു.

# പ്രാദേശിക ഇജ്തിമാഅ്

**പാലക്കാട്:** മജ്ലിസ് ഖുദ്ദാമുൽ അഹ്മദിയ്യാ പാലക്കാടിന്റെ ആഭിമുഖ്യത്തിൽ 24.02.08 ഞായറാഴ്ച പ്രാദേശിക ഇജ്തിമാഅ് സംഘടിപ്പിച്ചു.

ഖാഇദ് അൻവറിന്റെ അധ്യക്ഷതയിൽ പാലക്കാട് ജില്ലാ ഖാഇദ് ജനാബ് ഉണ്ണീൻ സാഹിബ് ഉദ്ഘാടനം ചെയ്തു. നമുക്കൊരു ലക്ഷ്യമുണ്ടെന്നും നാം അതനുസരിച്ച് നന്മയുടെ പാതയിൽ മുന്നേറേണ്ടതാണെന്നും അദ്ദേഹം ഉദ്ബോധിപ്പിച്ചു. അൻവർ തിലാവത്ത് നടത്തി. ഫാസിൽ അഹ്മദ് പദ്യം ചൊല്ലി.

മത്സര പരിപാടികളിൽ മൗലവി അമീറുദ്ദീൻ, മൗലവി റഹീം സാഹിബ് എന്നിവർ വിധികർത്താക്കളായി. മത്സരത്തിലെ വിജയികളായ അത്ഫാലുകൾക്ക് സഈം യു. കബീർ സാഹിബ് സമ്മാനദാനം നിർവഹിച്ചു.

## വിശുദ്ധ ഖുർആൻ

"**വി**ശ്വസിക്കുകയും അല്ലാഹുവിന്റെ സ്മരണ മൂലം മനസമാധാനം പ്രാപിക്കുകയും ചെയ്തവർ അവരത്രെ. അല്ലാഹുവിന്റെ സ്മരണ കൊണ്ടുമാത്രമേ മനസമാധാനം കൈവരികയുള്ളൂ. വിശ്വസിക്കുകയും സൽകർമ്മം അനുഷ്ഠിക്കുകയും ചെയ്തവരാരോ അവർക്ക് സൗഭാഗ്യവും തിരിച്ചുചെല്ലാനുള്ള ഏറ്റവും നല്ല സങ്കേതകവുമാണ്." (13:29,30).

## നബിവചനം

"**ഞാ**നെന്റെ ദാസനോട് പെരുമാറുന്നത് എന്നോടുള്ള അവന്റെ വിശ്വാസവും പ്രതീക്ഷയും അനുസരിച്ചാണ്. അതുകൊണ്ട് അവൻ എന്നെപ്പറ്റി അവനുദ്ദേശിച്ചവിധം പ്രതീക്ഷിച്ചുകൊള്ളട്ടെ. (*ബുഖാരി*)"

## യുഗശബ്ദം



**ഭൗ**തികമായ സഹായോപാധികളെക്കുറിച്ച് അതിനോളം ചിന്തിക്കുന്നതിനെ ഞാൻ നിങ്ങൾക്ക് വിലക്കുന്നില്ല. മറ്റു സമുദായക്കാരെപോലെ, എല്ലാ ഭൗതികസഹായ സാമഗ്രികളേയും നിയന്ത്രിക്കുന്നവനായ ദൈവത്തെ പാടെ വിസ്മരിച്ചുകൊണ്ട് നിങ്ങൾ ഭൗതികോപാധികളുടെ അടിമയായിത്തീരുന്നതിനെയാണ് ഞാൻ വിലക്കുന്നത്. നിങ്ങൾക്ക് കാണാനുള്ള കണ്ണുണ്ടെങ്കിൽ ദൈവം മാത്രമേയുള്ളുവെന്നും മറ്റെല്ലാം നിസ്സാരമാണെന്നും മനസ്സിലാക്കുവാൻ കഴിയും. അവന്റെ അനുമതി കൂടാതെ നിങ്ങൾക്ക് കൈ നിവർത്തുവാനോ മടക്കുവാനോ പോലും സാധ്യമല്ല. ഇപ്പറയുന്നതിലും നേരെ ആത്മീയമൃതി പ്രാപിച്ചവൻ പരിഹാസച്ചിരി പൊഴിച്ചേക്കാം. അങ്ങനെ ചിരിക്കുന്നതിന് മുമ്പായിട്ടുതന്നെ അവൻ മരിച്ചുപോയെങ്കിൽ ഹാ അവനെത്ര നന്നായിരുന്നു! ജാഗ്രത!! ഭൗതിക കാര്യങ്ങളിൽ ഇതര സമുദായക്കാരോട് നിങ്ങൾ മത്സരിക്കാൻ നില്ക്കൊല്ലാ! അവർ ഭൗതികാസൂത്രണങ്ങളിൽ വളരെ പുരോഗമിച്ചിരിക്കുകയാണ്. നമുക്കും അവരുടെ വഴിയേ ചെല്ലാം എന്നു കരുതിപ്പോകയുമരുതേ. നിങ്ങളെ തങ്ങളിലേക്ക് വിളിക്കുന്ന ആ സമുദായം യഥാർത്ഥ ദൈവത്തെക്കുറിച്ചറിവില്ലാത്തവരും മതിമറന്നവരുമത്രെ. എന്തൊന്നാണ് അവരുടെ ദൈവം? ദുർബ്ബലനായ ഒരു മനുഷ്യൻ മാത്രം!! (കശ്തിനൂഹ്)

# നേത്ര പരിശോധനാ ക്യാമ്പ്



**കൊടുങ്ങല്ലൂർ:** അഹ്മദിയ്യാ മുസ്‌ലിം ജമാഅത്ത് ഖിലാഫത്ത് ജൂബിലി (1908-2008) യോടനുബന്ധിച്ച് കൊടുങ്ങല്ലൂർ മോഡേൺ ഹോസ്പിറ്റൽ ചാരിറ്റീസിന്റെ ആഭിമുഖ്യത്തിൽ 2008 മാർച്ച് 27-ാം തിയ്യതി സൗത്ത് കേരള ഖുദ്ദാമുൽ അഹ്മദിയ്യാ സംഘടിപ്പിച്ച സൗജന്യ തിമിര രോഗ ശസ്ത്രക്രിയ നിർണ്ണയ ക്യാമ്പ് പൊതുജനങ്ങളുടെയിടയിൽ മതിപ്പുളവാക്കി. നേത്രരോഗ വിദഗ്ദ്ധൻ ഡോ. ഷഹീർ ടി. ബാവയാണ് ചികിത്സയ്ക്ക് മേൽനോട്ടം വഹിച്ചത്. ക്യാമ്പിന് മുന്നോടിയായി നടത്തിയ പത്രസമ്മേളനത്തിൽ കൊടുങ്ങല്ലൂർ ജമാഅത്ത് ഭാരവാഹികളും ആശുപത്രി അധികൃതരും പങ്കെടുത്തു. പത്ര-ടെലിവിഷൻ മാധ്യമങ്ങളിൽ വാർത്ത വന്നതോടെ, ക്യാമ്പിൽ നിന്ന് ആശുപത്രി അധികൃതരെ പിന്തിരിപ്പിക്കാൻ ജമാഅത്തിന്റെ വിരോധികൾ കിണഞ്ഞു ശ്രമിച്ചിരുന്നു. എന്നാൽ, എല്ലാ പ്രതിബന്ധങ്ങളേയും അല്ലാഹു തട്ടിയകറ്റുകയാണുണ്ടായത്. രാവിലെ 9 മണി മുതൽ ഉച്ചയ്ക്ക് 1 മണിവരെ നടന്ന ക്യാമ്പിൽ ഏകദേശം 150 പേർ പേർ രജിസ്റ്റർ ചെയ്തിരുന്നു. അതിൽനിന്ന് 2 പേരെ ഓപ്പറേഷന് വേണ്ടി തെരഞ്ഞെടുത്തു. ഇതിൽ കുറച്ചു പേരുടെ ചികിത്സാ ചെലവുകൾ ജമാഅത്ത് വഹിച്ചു. സൗത്ത് ഇലാഖാ ഖാഇദ് ഇ.എച്ച്. നജീബ് സാഹിബ്, പള്ളുരുത്തി ഖാഇദും സൗത്ത് ഇലാഖാ ഖിദ്മത്തെ ഖൽഖ് സെക്രട്ടറിയുമായ അക്ബർ സാഹിബ്, കൊടുങ്ങല്ലൂർ ജമാഅത്തിലെ സഫറുല്ലാ സാഹിബ്, മൗലവി സലീം സാഹിബ് തുടങ്ങിയവർ ക്യാമ്പിന്റെ വിജയത്തിനായി പരിശ്രമിച്ചവരാണ്. പള്ളുരുത്തി അഗതിമന്ദിരത്തിൽ കഴിയുന്ന അന്തേവാസികളെ തിരികെ വീട്ടിലെത്തിക്കുന്നതിനാവശ്യമായ സാമ്പത്തിക സഹായവും സൗത്ത് കേരള ഖുദ്ദാമുൽ അഹ്മദിയ്യാ ഏറ്റെടുത്തിട്ടുണ്ട്.

## നബിദിന-മസീഹ് മൗഊദ് ദിന ആഘോഷം

**കണ്ണൂർ സിറ്റി:** കണ്ണൂർ സിറ്റി ലജ്നയുടെ ആഭിമുഖ്യത്തിൽ നബികീർത്തന - മസീഹ് മൗഊദ് ദിന യോഗം നടത്തി. യോഗം ലജ്ന ഇമായില്ലാ കണ്ണൂർ മേഖലാ സെക്രട്ടറി വഹീദാ സലീം സാഹിബ ഉദ്ഘാടനം ചെയ്തു. സിറ്റി ല്ജന പ്രസിഡണ്ട് റഷീദ ഗഫൂർ സാഹിബ അധ്യക്ഷം വഹിച്ചു. സഫൂറ ശഫി, പി. സൈബുന്നിസ എന്നിവർ പ്രസംഗിച്ചു. റൂബിയ-നൂറിയ എന്നിവർ സ്വാഗത ഗാനമാലപിച്ചു. സമീപ മജ്‌ലിസുകളായ കണ്ണൂർ ടൗൺ, കടലായി എന്നിവിടങ്ങളിൽനിന്നുള്ള ലജ്നാ അംഗങ്ങളും യോഗത്തിൽ സംബന്ധിച്ചു.

# അഹ്മദിയ്യാ പൊതുയോഗത്തെ ആക്രമിച്ചു

**കണ്ണൂർ:** കണ്ണൂർ നഗരത്തിനടുത്ത് കക്കാട് നടന്ന അഹ്മദിയ്യാ പൊതുയോഗത്തിൽ അക്രമികൾ അഴിഞ്ഞാടി. യോഗത്തിൽ മുഖ്യപ്രാസംഗികനായിരുന്ന കൊടുങ്ങല്ലൂർ സലിം സാഹിബിന്റെ പ്രസംഗം അവസാനത്തോടടുക്കുന്ന വേളയിലായിരുന്നു എൻ.ഡി.എഫ് എന്ന് അവകാശപ്പെട്ട ഏതാനും സാമൂഹ്യവിരുദ്ധരുടെ പരാക്രമം. പ്രസംഗത്തിൽ എൻ.ഡി.എഫിനെ പരാമർശിക്കുന്ന ഒരു വാചകം തുടങ്ങിയപ്പോഴായിരുന്നു അക്രമികൾ ചാടിവീണത്. സലിം സാഹിബിന്റെ നേരെ പാഞ്ഞടുത്ത അക്രമി സംഘത്തെ അഹ്മദിയ്യാ സഹോദരങ്ങൾ പ്രതിരോധിച്ചപ്പോൾ വേദിയിലുണ്ടായിരുന്ന പ്രസംഗപീഠം ദൂരേക്ക് വലിച്ചെറിഞ്ഞു. മൈക്ക്, സൗണ്ട് സിസ്റ്റം തുടങ്ങിയവ വലിച്ചെറിഞ്ഞ അക്രമികൾ അഹ്മദിയ്യാ സഹോദരങ്ങളെ ശാരീരികമായി തന്നെ ആക്രമിക്കാനൊരുമ്പെട്ടിരുന്നു. കടുത്ത ബഹളത്തെത്തുടർന്ന് യോഗം നിറുത്തിവെച്ചിട്ടും അക്രമികൾ ശാന്തരായില്ല. അഹ്മദിയ്യത്തിനെതിരെ അസഭ്യവർഷം ചൊരിഞ്ഞ് ഖിലാഫത്ത് ജൂബിലി ബോർഡുകൾ നശിപ്പിച്ചുകൊണ്ടാണ് ഇവർ അരിശം തീർത്തത്. ഒരു മാസം മുമ്പേ കക്കാട് നടന്ന അഹ്മദിയ്യാ പൊതുയോഗത്തിലും മനഃപൂർവ്വം പ്രശ്നമുണ്ടാക്കിയിരുന്നു. എന്തായാലും നിഷ്പക്ഷമതികളായ ആളുകൾ സംഭവത്തെ അപലപിച്ചിട്ടുണ്ട്.

## ഹുസ്നുൽ ബയാൻ യോഗം

**മണ്ണാർക്കാട്:** 30.03.08 ഞായറാഴ്ച മഗ്‌രിബിനു ശേഷം മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യായുടെ ഹുസ്നുൽ ബയാൻ യോഗം നടത്തി. ജനാബ് മഖ്ബൂൽ അഹ്മദ് സാഹിബിന്റെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ മൗലവി യൂസുഫ് സാഹിബ്, കെ. മുഹമ്മദ്, എ. ആർ. റിയാസ് അഹ്മദ് എന്നിവർ പ്രസംഗിച്ചു. ഫിറോസ് അഹ്മദ് സാഹിബ് ഖുർആൻ പാരായണവും നടത്തി.

# ഖിലാഫത്തിന്റെ വഴി തുറന്നിട്ടിരിക്കുന്നു: സലിംസാഹിബ് കൊടുങ്ങല്ലൂർ

**കണ്ണൂർ:** ഖിലാഫത്തിന്റെ വഴി തുറന്നിട്ടിരിക്കുകയാണെന്നും സത്യാന്വേഷികൾക്ക് ഇത് കാണാനാകുമെന്നും മൗലവി സലിം സാഹിബ് കൊടുങ്ങല്ലൂർ പറഞ്ഞു. കണ്ണൂർ അഹ്മദിയ്യാ ജമാഅത്തിന്റെ ആഭിമുഖ്യത്തിൽ ചേർന്ന ഖിലാഫത്ത് ജൂബിലി പൊതുയോഗങ്ങളിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. കണ്ണൂർ നഗരത്തിനടുത്തുള്ള കക്കാട്, ചാലാട് എന്നിവിടങ്ങളിലായിരുന്നു യോഗങ്ങൾ നടന്നത്. ഖിലാഫത്തിന്റെ പ്രവചനാത്മകമായ തുടർച്ചയെപ്പറ്റി സലിം സാഹിബ് യോഗങ്ങളിൽ ഊന്നിപ്പറഞ്ഞു. അഹ്മദിയ്യാ ഖിലാഫത്ത് ദൈവികമായ ഒന്നാണെന്നും അതിന്റെ കർമ്മം സത്യമാർഗ്ഗത്തിൽ അടിയുറച്ചതാണെന്നും സലിം സാഹിബ് പറഞ്ഞു. ഖിലാഫത്ത് അനുഗ്രഹമാണ്. ഈ അനുഗ്രഹത്തിന്റെ തേജസ്സാണ് ലോകത്തെ കോടാനുകോടി അഹ്മദികളെ നയിക്കുന്നത്. ആത്മീയമായ അനുഗ്രഹങ്ങൾക്കൊപ്പം ഭൗതികമായ ശാന്തിയും ഖിലാഫത്തിന്റെ വഴിയിലുണ്ടെന്ന് അദ്ദേഹം കൂട്ടിച്ചേർത്തു.

# ഖിലാഫത്ത് ജൂബിലി- അധ്യാപക സംഗമം നടത്തി

**യു.കെ:** യു.കെ. ഖുദ്ദാമുൽ അഹ്മദിയ്യായുടെ ആഭിമുഖ്യത്തിൽ പ്രത്യേകം ക്ഷണിക്കപ്പെട്ട സമീപ പ്രദേശത്തുള്ള സ്കൂൾ അധ്യാപകരുടെ സായാഹ്ന സംഗമം സംഘടിപ്പിച്ചു. യൂറോപ്പിലെ ഏറ്റവും വിശാലമായ പള്ളികളിലൊന്നായ ബയ്ത്തുൽ ഫുത്തൂഹിലാണ് പരിപാടി നടന്നത്. വിവിധ സ്കൂളുകളിൽ നിന്നായി 20 പേരെയാണ് ക്ഷണിച്ചത്. അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിനെ അത്ഫാലുകൾ പരിചയപ്പെടുത്തി. ചോദ്യോത്തര സദസ്സ് മിഷ്യണറി ഇൻചാർജ് ഇമാം റശീദ് നിയന്ത്രിച്ചു. ജമാഅത്തിന്റെ പുരോഗതിയെക്കുറിച്ചും സാമൂഹ്യസേവനരംഗത്തെ പ്രവർത്തനങ്ങളെക്കുറിച്ചും എം.ടി.എയെക്കുറിച്ചും പരിപാടിയിൽ വിശദീകരിച്ചു. 2003-ൽ ബയ്ത്തുൽ ഫുത്തൂഹ് ഉദ്ഘാടനം ചെയ്തശേഷം നൂറുകണക്കിന് സ്കൂൾ വിദ്യാർത്ഥികൾ പള്ളി സന്ദർശിച്ചിട്ടുണ്ട്.

## നാഷണൽ അത്ഫാൽ മീറ്റിംഗ്

**യു.കെ:** 2008-ലെ യു.കെ. ദേശീയ അത്ഫാൽ ക്യാമ്പ് മാർച്ച് 15, 16 തിയ്യതികളിൽ ബയ്ത്തുൽ ഫുത്തൂഹ് മസ്ജിദിൽ നടന്നു. 900 അത്ഫാലുകൾ ക്യാമ്പിൽ പങ്കെടുത്തു. വൈജ്ഞാനിക കായിക മത്സരങ്ങൾ സംഘടിപ്പിച്ചു. സമാപനയോഗത്തിൽ യു.കെ. അമീർ പങ്കെടുത്തു.

# നോമ്പുതുറ സംഘടിപ്പിച്ചു

**മണ്ണാർക്കാട്:** 27.03.08 വ്യാഴാഴ്ച മണ്ണാർക്കാട് ജമാഅത്തിൽ ഖിലാഫത്ത് ജൂബിലിയോടനുബന്ധിച്ചുള്ള നഫൽ നോമ്പനുഷ്ഠിച്ചു. പള്ളിയിൽവച്ച് നോമ്പുതുറയും സംഘടിപ്പിച്ചു. ശേഷം ഖുദ്ദാമുൽ അഹ്മദിയ്യായുടെ നേതൃത്വത്തിൽ ഒരു തർബിയത്ത് യോഗവും ഉണ്ടായിരുന്നു. ഖായിദ് മുസഫർ അഹ്മദ് സാഹിബിന്റെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ ജനാബ് മൗലവി യൂസുഫ് സാഹിബ് ക്ലാസ്സെടുത്തു. മുസ്സമ്മിൽ അഹ്മദ് സാഹിബ് ഖുർആൻ പാരായണവും നടത്തി.

# അത്ഫാൽ ക്യാമ്പ്– 2008 കൽകുളം



I

**കൽകുളം:** അഹ്മദിയ്യാ ബാലന്മാരുടെ ആത്മതേജസ്സിനെ ഊട്ടിയുറപ്പിക്കുന്ന ഒന്നായിരുന്നു ഇക്കഴിഞ്ഞ ഏപ്രിൽ 12,13 തിയ്യതികളിൽ കൽകുളത്തു നടന്ന അത്ഫാൽ ക്യാമ്പ് നോർത്ത് കേരള. മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യാ സംഘടിപ്പിച്ച ക്യാമ്പിൽ 200 ഓളം അത്ഫാലുകൾ പങ്കെടുത്തു. വിജ്ഞാനത്തിന്റെയും ഉല്ലാസത്തിന്റെയും സീമന്തരേഖകൾ അറിഞ്ഞ അത്ഫാലുകൾ, ക്യാമ്പിന്റെ വിജയത്തെ ഏറെ സ്വാധീനിച്ചു. ആദ്യദിനം നടന്ന ഉദ്ഘാടനചടങ്ങിൽ ഖുദ്ദാമുൽ അഹ്മദിയ്യാ അഖിലേന്ത്യാ നാഇബ് സദ്ർ ഡോ. സലാഹുദ്ദീൻ സാഹിബ് അധ്യക്ഷത വഹിച്ചു. മലപ്പുറം മേഖലാ അഹ്മദിയ്യാ മുസ്‌ലിം ജമാഅത്ത് അമീർ മുഹമ്മദലി മാസ്റ്റർ ക്യാമ്പ് ഉദ്ഘാ



ടനം ചെയ്തു. ഖലീഫത്തുൽ മസീഹ് (അയ്യദഹുല്ലാഹ്) പഠിപ്പിച്ച ദുആകൾ ചൊല്ലിക്കേൾപ്പിച്ച അമീർ സാഹിബ് കുട്ടികൾ ഖിലാഫത്തിനോട് കൂടുതൽ അടുക്കേണ്ടതാണെന്ന് ഓർമ്മിപ്പിച്ചു. ചടങ്ങിൽ അധ്യക്ഷത വഹിച്ച മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യാ ഭാരത് നായിബ് സദ്ർ ഡോ. സലാഹുദ്ദീൻ സാഹിബ് ക്യാമ്പിലെത്തിയ കുട്ടികൾ നാളെയുടെ അഹ്ദിയ്യത്തിന്റെ പതാകാവാഹകരായിത്തീരേണ്ടതാണെന്ന് പറഞ്ഞു. ഖിലാഫത്ത് ജൂബിലിയുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ കൂടുതൽ സൂക്ഷ്മത പുലർത്താൻ ചടങ്ങിൽ സംസാരിച്ച ഉത്തരമേഖലാ ഖാഇദ് പി. ശഫി അഹ്മദ് സാഹിബ് തന്റെ പ്രസംഗത്തിൽ കുട്ടികളോട് നിർദ്ദേശിച്ചു. കൽകുളം ജമാഅത്ത് പ്രസിഡണ്ട് അബ്ദുൽ ജബ്ബാർ സാഹിബ് ആശംസകൾ അർപ്പിച്ചു.

II

കൽകുളത്തിന്റെ കാനഛായ തുളുമ്പുന്ന അന്തരീക്ഷത്തിൽ നടന്ന ക്യാമ്പ്, പ്രകൃതിയെ അറിയാനുള്ള വേദികൂടിയായി. തേനീച്ചവളർത്തലിനെപ്പറ്റി നടന്ന ക്ലാസ് വിജ്ഞാനത്തിന്റെ പുതുമേഖലകളാണ് ബാലന്മാർക്ക് നൽകിയത്. തേനീച്ചകളുടെ സാമൂഹിക ജീവിതക്രമവും, സാഹോദര്യവും കുട്ടികളെ അമ്പരപ്പിച്ചു. ശ്രീ സനീഷാണ് ക്ലാസെടുത്തത്. വിവിധ വൈജ്ഞാനിക മത്സരങ്ങൾക്കുശേഷം കുട്ടികൾ ഗ്രൗണ്ടിലേക്കിറങ്ങുകയായി. വനാതിർത്തിയിൽ ബാഹ്യലോകത്തിന്റെ യാതൊരു ഇടപെടലുമില്ലാതെ കിടക്കുന്ന മൈതാനിയിൽ അത്ഫാലുകൾ ക്രിക്കറ്റ്, ഫുട്ബോൾ മത്സരങ്ങളിൽ പങ്കെടുത്തു. ആവേശത്തിന്റെ മൂർത്തരൂപംകൊണ്ട ഫുട്ബോൾ മത്സരം ഖാദിംകളെയും ആകർഷിച്ചു. ആവേശഭരിതരായ കാണികളും ഉദ്വേഗത്തിന്റെ നിമിഷങ്ങൾ പങ്കുവച്ചു. ഫുട്ബോൾ മത്സരത്തിൽ വിജയികളായ കണ്ണൂർ മേഖല അത്ഫാലുകൾ ഫുട്ബോൾ കേളീതന്ത്രങ്ങളുടേത് കൂടെയാണെന്ന് ബോധ്യപ്പെടുത്തി.

III

കാടിനു മദ്ധ്യേ തനിച്ചിറങ്ങി വരുന്ന കൽകുളത്തെ കൊച്ചരുവി തീർത്തും ശാന്തയും അതീവ ലജ്ജാവതിയും. തണുത്ത വെള്ളത്തിൽ വേനൽച്ചൂടിനെ 'കുളിച്ചു' തോൽപ്പിക്കാൻ അത്ഫാലുകൾ നീരാട്ടിനിറങ്ങി. നഗര മേഖലകളിലെ ബാലന്മാർക്ക് നീരൊഴുക്കിന്റെ സമൃ



ദ്ധിയെ അറിയാൻ കൽകുളം ക്യാമ്പ് വഴിയൊരുക്കി. പുഴയിലെ കുളി പകർന്ന ഉന്മേഷത്തോടെ ഏതാനും മത്സരങ്ങളിൽ പങ്കെടുത്ത അത്ഫാലുകൾ 13-ാം തിയ്യതി ഉച്ചയ്ക്ക് നടന്ന പാമ്പ് പ്രദർശനത്തെ ശ്വാസമടക്കിപ്പിടിച്ചുകൊണ്ട് കണ്ടിരുന്നു. അതിനുശേഷം നടന്ന സമാപനച്ചടങ്ങിൽ ഉത്തരമേഖലാ അത്ഫാൽ സിക്രട്ടറി റസാഖ് തിരൂർ സാഹിബ് അധ്യക്ഷം വഹിച്ചു. മുഖ്യാതിഥിയായി പങ്കെടുത്ത മൗലവി അയ്യൂബ് സാഹിബ് ഖലീഫമാരുടെ ഖുത്ത്ബകളെയും അനുഭവങ്ങ



ളെയും ആസ്പദമാക്കിക്കൊണ്ട് അത്ഫാലുകളെ അഭിസംബോധന ചെയ്തു. സമ്മാനദാനത്തിനുശേഷം ഉത്തര മേഖലാ ഖുദ്ദാം സിക്രട്ടറി സമീം സാഹിബ് നന്ദി പ്രകാശിപ്പിച്ചു.

IV

കൽകുളത്തെ പ്രകൃതിയുടെ മനോഹാരിത കുട്ടികളെ ആനന്ദപുളകിതരാക്കി. കാടിന്റെയും നാടിന്റെയും സമ്മിശ്ര മേളനം ഇവിടെ കുട്ടികൾക്ക് പുതിയൊരനുഭവമായിത്തീർന്നു. കൽകുളം ക്യാമ്പിൽ മൗലവിമാരായ ജംഷാദ് സാഹിബ്, ടി.കെ. മഹ്മൂദ് സാഹിബ്, എം. നാസിർ സാഹിബ്, ഷൗക്കത്തലി സാഹിബ് എന്നിവർ സന്നിഹിതരായിരുന്നു. മലപ്പുറം ജില്ലാ ഖാഇദ് അബ്ദുൽ ഗനി സാഹിബിന്റെ നേതൃത്വത്തിൽ കൽകുളത്തെ ഖാദിംകളും, അൻസാറുകളും ക്യാമ്പിന്റെ വിജയത്തിനായി അഹോരാത്രം പ്രവർത്തിച്ചിരുന്നു.

# സോമാലിയായിൽ അക്രമം

*അൽഹഖ് ന്യൂസ് ഡസ്ക്*

**നൈറോബി:** സോമാലിയായിലെ എതോപ്യൻ സൈന്യം ക്രൂരതയുടെ പര്യായമാകുന്നു. മനുഷ്യാവകാശ സംഘടനകൾ ആരോപിക്കുന്നതനുസരിച്ച് എതോപ്യൻ സൈന്യം അനേകം സോമാലിയൻ പൗരന്മാരെ വകവരുത്തിയിട്ടുണ്ട്. മാത്രമല്ല, കഴുത്ത് വെട്ടിക്കളയുക., കണ്ണ് കുത്തിയെടുക്കുക, കൂട്ടബലാത്സംഗം, തുടങ്ങിയ ക്രൂരകൃത്യങ്ങളാണ് റിപ്പോർട്ട് ചെയ്യപ്പെടുന്നത്.

സോമാലിയായിലെ യു.എൻ. അംഗീകൃത ഗവർമ്മെന്റിന്റെ ആവശ്യമനുസരിച്ച് ഇവിടെ എത്തിയതാണ് എതോപ്യൻ സൈന്യം. ഒരു മനുഷ്യാവകാശ സംഘടന കണ്ടെത്തിയത് ആടുകളെ കൊല്ലുന്നതുപോലെ സോമാലിയൻ പൗരന്മാരെ എതോപ്യൻ സൈന്യം കൊന്നൊടുക്കുന്നതായാണ്. പിഞ്ചുകുഞ്ഞുങ്ങളെ പോലും കഴുത്തുവെട്ടി കൊല്ലുകയാണത്രെ എതോപ്യക്കാർ.

# തീവ്രവാദത്തിന്റെ പ്രബോധനം


*അമൻ*

**പു**തിയലക്കം പ്രബോധനത്തിന് കുറേ പ്രത്യേകതകളുണ്ട്. അതിലൊന്നാണ് 'ജിഹാദ് അൺലിമിറ്റഡ്' എന്ന സീതിയുടെ ലേഖനം. ഇതിലുടനീളം സിതി എൻ.ഡി.എഫിനെതിരെ ആഞ്ഞടിക്കുകയാണ്. ജമാഅത്തെ ഇസ്‌ലാമി ഇതു പറയുമ്പോൾ പ്രബുദ്ധകേരളം അന്തംവിടുന്നു. കാരണം മതതീവ്രവാദത്തിനെതിരെ ഒച്ചയുണ്ടാക്കാൻ ഇവർക്കല്ലാതെ 'അർഹത' മറ്റാർക്കുണ്ട്? ലേഖനത്തിന്റെ സിംഹഭാഗവും പുതിയ മതമൗലിക സംഘടനയെ അസഭ്യം പറയാനാണെങ്കിലും ഇടയ്ക്ക് മിർസാ ഗുലാം അഹ്മദ് (അ)നെ ഒന്നു സ്പർശിക്കാതിരിക്കാൻ പ്രബോധനത്തിന് സാധിക്കുമോ? മിർസാ ഗുലാം അഹ്മദ് ജിഹാദ് മുക്കിക്കളഞ്ഞുവെന്നാണ് ആരോപണം.

എൻ.ഡി.എഫിനെ കടുത്ത ഭാഷയിൽ വിമർശിക്കുന്ന ജമാഅത്തെ ഇസ്‌ലാമി മറന്നുപോകുന്നത് ചില പഴയ കാര്യങ്ങളാണ്. ജിഹാദിന് ചോരയിൽ മുക്കിയ വ്യാഖ്യാനം നല്കിയ മൗദൂദിയെ ഓർമ്മിക്കേണ്ടതുണ്ട്. എൻ.ഡി.എഫിന്റെ പഴയ രൂപം സിമിയെ ഓർക്കേണ്ടതുണ്ട്. അതിനുമപ്പുറം മൗദൂദിയുടെ പുസ്തകങ്ങൾ സ്വയം പൂഴ്ത്തിവെച്ച ആത്മവഞ്ചനയേയും ഓർമ്മിക്കണം. മതമൗലികതയുടെ നാട്ടറിവ് യുവജന-വിദ്യാർത്ഥി മുന്നേറ്റമായി ഇന്ത്യയിലെത്തിച്ചത് എഴുപതുകളുടെ അവസാനം പിറന്നുവീണ സിമിയായിരുന്നു. ഇതിന്റെ വാക്കും നോക്കും തങ്ങളുടെ വഴിയേ അല്ലാതായപ്പോഴാണ് സ്വന്തമായ വിദ്യാർത്ഥി സംഘടനയായി എസ്.ഐ.ഒ ഉണ്ടാകുന്നത്. ഈ സിമി പിന്നീട് നടത്തിയ സകല പ്രവർത്തനങ്ങളുടെയും ആശയപരമായ പിതൃത്വം ജമാഅത്തെ ഇസ്‌ലാമിക്കുണ്ട്.

ലോകത്തിന്റെ പല കോണുകളിലും നടക്കുന്ന ചെറുത്തുനിൽപ്പുകളെപറ്റി ലേഖനത്തിൽ പരാമർശിക്കുന്നുണ്ട്. ഹമാസ്, ചെച്നിയൻ പോരാളികൾ, ഹിസ്ബുല്ല തുടങ്ങി താലിബാൻവരെ ഇവരുടെ കണ്ണിൽ ജനകീയ ചെറുത്തുനില്പുകാരാണ്. അവർ നടത്തുന്ന ജിഹാദിനെ പൊതുസമൂഹത്തിൽ ഒരിക്കലും ഡിസ്ക്ലെയിം ചെയ്തിട്ടില്ല എന്ന ബഹുമതിയും ചാർത്തുന്നുണ്ട്. താരതമ്യം ചെയ്യുന്ന ഓപ്പറേഷനുകളാകട്ടെ നൂറുകണക്കിനാളുകൾ കൊല്ലപ്പെടുന്ന കൂട്ടകുരുതികളും. പോരാത്തതിന് ഇപ്പറഞ്ഞ സംഘടനകൾ മാതൃരാജ്യങ്ങളിൽ സർക്കാരുകൾക്കെതിരെ നടത്തുന്ന പ്രവർത്തനങ്ങളെ ശ്ലാഘിക്കുന്നുമുണ്ട്. ചുരുക്കത്തിൽ ഭീകരവാദത്തിന്റെ ഉണർത്തുപാട്ടാകുന്നുണ്ട് പ്രബോധനത്തിലെ ലേഖനം.

# സൗജന്യ ഹോമിയോ മെഡിക്കൽ ക്യാമ്പ്



**മാത്തോട്ടം:** അല്ലാഹുവിന്റെ അതിമഹത്തായ അനുഗ്രഹത്താൽ മാത്തോട്ടം ഖുദ്ദാമുൽ അഹ്മദിയ്യായുടെ ആഭിമുഖ്യത്തിൽ 08.04.08 (ചൊവ്വ)ന് രാവിലെ 10 മണി മുതൽ 1 മണിവരെ സൗജന്യ ഹോമിയോ മെഡിക്കൽ ക്യാമ്പ് മാത്തോട്ടത്ത് നടന്നു.

മാത്തോട്ടം ഖാഇദ് ജനാബ് എസ്.വി. ഇസ്നാസ് സാഹിബിന്റെ അധ്യക്ഷതയിൽ നടന്ന ഉദ്ഘാടന പരിപാടിയിൽ ബേപ്പൂർ പഞ്ചായത്ത് വൈസ് പ്രസിഡണ്ട് അബ്ദുൽ അസീസ് മുഖ്യപ്രഭാഷണം നടത്തി. മറ്റുള്ള സംഘടനകളിൽനിന്നും വ്യത്യസ്തമായ ഖുദ്ദാമുൽ അഹ്മദിയ്യാ നടത്തുന്ന ഈ സൗജന്യ മെഡിക്കൽ ക്യാമ്പ് വളരെ പ്രശംസനീയമാണെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു. പരിപാടിയുടെ ഔപചാരിക ഉദ്ഘാടനം നടത്തുകയും ചെയ്തു.

ജമാഅത്തിനോട് എതിർപ്പുള്ള ഒരു പ്രദേശമാണ് മാത്തോട്ടം. പരിപാടിയുടെ രണ്ട് ദിവസം അവിടെ കെട്ടിയ ഫ്ളക്സ് ബോർഡ് നശിപ്പിക്കുകയും, പകരം ഖാദിയാനികൾ കാഫിറുകളാണെന്നും, അവരുടെ പരിപാടികളുമായി സഹകരിക്കരുതെന്നുമുള്ള പോസ്റ്റർ സ്ഥാപിക്കുകയും ചെയ്തു. കൂടാതെ അവിടെ പരിശോധനക്കു വന്ന ഒരു സ്ത്രീയെ അവരുടെ സഹോദരൻ വന്ന് ആട്ടിയോടിക്കുകയും ചെയ്തു. ഇതൊന്നും വകവെക്കാതെ മാത്തോട്ടം ജമാഅത്തിലെ ഖാദിമീങ്ങളും ഡോക്ടർ രഹ്നഹാരിസും, അവരുടെ സഹായികളും തങ്ങളുടെ കർത്തവ്യം നിർവ്വഹിക്കുകയുണ്ടായി. ക്യാമ്പിന്റെ വിജയത്തിന് മാത്തോട്ടം മജ്‌ലിസിലെ ഖാദിമീംകളും അൻസാറുകളും മുഴുവൻ പിന്തുണയും നല്കി. സേവനരംഗത്ത് മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യാ നടത്തുന്ന മറ്റൊരു എളിയ സംരംഭമായി മാത്തോട്ടം ഹോമിയോ ക്യാമ്പ് മാറിക്കഴിഞ്ഞു.

# നാസിറാത്ത് ക്യാമ്പ്

**കണ്ണൂർ:** കണ്ണൂർ മേഖലാ നാസിറാത്ത് ക്യാമ്പ് കണ്ണൂർ സിറ്റി അഹ്മദിയ്യാ പള്ളിയിൽ നടന്നു. വിവിധ മജ്‌ലിസുകളിൽ നിന്നായി 150 ഓളം നസിറാത്ത് അംഗങ്ങൾ പങ്കെടുത്ത ക്യാമ്പ് ലജ്നാ ഇമായില്ലാ നായിബ് സദ്ർ സൈനബി മസൂദ് സാഹിബ ഉദ്ഘാടനം ചെയ്തു. സ്റ്റേറ്റ് നാസിറാത്ത് സെക്രട്ടറി ജുവൈരിയ ഗൗഹർ സാഹിബ അധ്യക്ഷയായിരുന്നു. സഫൂറശഫി (കണ്ണൂർസിറ്റി), ശംസുന്നിസ (മട്ടന്നൂർ), അമത്തുസ്സലാം (പഴയങ്ങാടി) എന്നിവർ വിവിധ വിഷയങ്ങളെ അധികരിച്ച് പ്രസംഗിച്ചു. ക്യാമ്പിനോടനുബന്ധിച്ച് ക്വിസ്, ചോദ്യോത്തര പരിപാടി തുടങ്ങിയവയും സംഘടിപ്പിച്ചിരുന്നു. ക്യാമ്പിന്റെ സമാപനത്തോടനുബന്ധിച്ച് ലജ്ന നാസിറാത്ത് അംഗങ്ങൾ പയ്യാമ്പലം ബീച്ചിലേക്ക് വിനോദ-വൈജ്ഞാനിക യാത്ര സംഘടിപ്പിച്ചു. ക്യാമ്പിന്റെ വിജയകരമായ നടത്തിപ്പിന് ലജ്നാംഗങ്ങളുടെ കൂട്ടായ പ്രവർത്തനം സഹായിച്ചു. ഫായിസ നിസാർ, ഫസില സെക്കീർ, സാജിദ ഹാരിസ്, റഷീദ ഗഫൂർ തുടങ്ങിയവർ നേതൃത്വം നല്കി. ക്യാമ്പിൽ ലജ്ന ഇമായില്ലാ സംസ്ഥാന സദ്ർ താഹിറ സാഹിബയും സന്നിഹിതയായിരുന്നു.

വാർത്താവിശകലനം

*ഷാജിർ അഹ്മദ്*

# *ഹാറൂൺ യഹ്യ- മാറുന്ന വീക്ഷണം*

*ഹാറൂൺ യഹ്യ ലോകമെമ്പാടും അറിയപ്പെടുന്ന ഇസ്‌ലാമിക പ്രബോധകനാണ്. ശ്രദ്ധേയമായ ഒട്ടനവധി പുസ്തകങ്ങൾ രചിച്ചിട്ടുണ്ട് ഇദ്ദേഹം. മതവിജ്ഞാനത്തിന്റെ മേഖലയിൽ ഗൗരവതരമായ അന്വേഷണങ്ങൾ യഹ്‌യായുടേതായുണ്ട്. മുമ്പ് പലപ്പോഴും യഹ്‌യായുടെ ധിഷണയെ ജമാഅത്തെ ഇസ്‌ലാമി തുടങ്ങിയ സംഘടനകൾ പിന്തുടരാറുണ്ടായിരുന്നു. അസാമാന്യമായ താർക്കിക സ്വഭാവമുള്ള ഹാറൂൺ യഹ്യ തീവ്രപക്ഷ ഇസ്‌ലാമിസ്റ്റുകളുമായി പൊതുവേ സമരസപ്പെട്ട ചിന്തകനായിട്ടാണ് അറിയപ്പെട്ടിരുന്നത്.*

*എന്നാൽ, സംഗതികൾ മൊത്തം മാറിയിരിക്കുന്നു. ഹാറൂൺ യഹ്യ പുറത്തിറക്കിയ 'ഇബ്റാഹിം നബിയുടെ പിന്തുടർച്ചക്കാരനാണ് മഹ്ദി' എന്ന ഗ്രന്ഥം വിവാദം സൃഷ്ടിക്കുകയാണ്. ഈ പുസ്തകത്തിലൂടെ അദ്ദേഹം ഒട്ടേറെ കാര്യങ്ങൾ പറയുന്നു. ബൈബിളിലേയും, വിശുദ്ധഖുർആനിലേയും പ്രസക്തമായ സൂക്തങ്ങൾ ഉപയോഗിച്ച് യഹ്യ തന്റെ വാദമുഖങ്ങൾ മുന്നോട്ടുവെക്കുന്നു. അദ്ദേഹം സമർത്ഥിക്കുന്നത് മഹ്ദി മുഹമ്മദ്(സ)യ്ക്കുശേഷം വരുമെന്നുതന്നെയാണ്. യഹൂദർ പ്രതീക്ഷിക്കുന്ന 'മിശിഹാ'യും മുസ്‌ലിംകൾ കാത്തിരിക്കുന്ന മസീഹും ഒന്നുതന്നെയെന്ന് യഹ്യ വാദിക്കുന്നുണ്ട് പുസ്തകത്തിൽ. പഴയ നിയമത്തിലെ ഇസ്രയേൽ ജനതയെക്കുറിച്ചുള്ള പരാമർശം, വിശുദ്ധഖുർനിലെ 3:81, 33:4 എന്നീ സൂക്തങ്ങൾ തുടങ്ങി വരാനിരിക്കുന്ന പ്രവാചകനെ സംബന്ധിക്കുന്ന ആധികാരിക വിവരങ്ങളൊക്കെയും ഹാറൂൺ യഹ്യ പുസ്തകത്തിൽ വിശദമായി പ്രതിപാദിച്ചിട്ടുണ്ട്. കൂടാതെ വരാനിരിക്കുന്ന പ്രവാചകന്റെ പേര് അഹ്മദ് എന്നായിരിക്കുമെന്ന് ഈസാനബി പറഞ്ഞിരിക്കുന്ന കാര്യവും യഹ്‌യായുടെ പുസ്തകം വ്യക്തമാക്കുന്നു.*

*എന്നാൽ, യഹ്‌യായുടെ വെളിപാടുകളുടെ സൂക്ഷ്മതലങ്ങൾ പല കോണിലും എതിർക്കപ്പെടും. പ്രബോധനത്തിന്റെ പുതിയ ലക്കത്തിൽ ഇക്കാര്യം വ്യക്തമായിക്കാണാം. തങ്ങളുടെ സൈദ്ധാന്തിക വശങ്ങൾക്ക് പലപ്പോഴും ഇന്ധനം പകർന്നിട്ടുള്ള യഹ്‌യായുടെ ധിഷണയെ പരിഹസിക്കാനാണ് പ്രബോധനത്തിന്റെ ശ്രമം. ഖുർആൻ വാക്യങ്ങൾ യഹ്യ തെറ്റായി വ്യാഖ്യാനിക്കുകയാണെന്നും ബൈബിൾ പരാമർശങ്ങൾ തെറ്റിദ്ധാരണാജനകമാണെന്നും പ്രബോധനത്തിൽ പറയുന്നു. വരാനിരിക്കുന്ന മിശിഹ അഹ്മദ് എന്ന പേരോടു കൂടിയ ആളാണെന്നുകൂടി ഹാറൂൺ യഹ്യ പറഞ്ഞപ്പോൾ കാര്യം ഗൗരവമാകുന്നു.*

*ജമാഅത്തെ ഇസ്‌ലാമിയുടെ ചിന്താശാലകൾക്ക് മൗലികമായ ചില കുഴപ്പങ്ങളുണ്ട്. മറ്റെല്ലാ ഫാസിസ്റ്റ് ഉപാധികളിലുമെന്ന പോലെ ജമാഅത്തെ ഇസ്‌ലാമിക്കും നിത്യശത്രുവോ, മിത്രമോ ഇല്ല. തങ്ങളുടെ ആശയത്തോട് അടുത്തുനിൽക്കുന്ന ആളാരാണോ അവരാകുന്നു അടുത്തമിത്രം. ആശയങ്ങളെ എതിർക്കുന്നവർ സ്വാഭാവികമായും ശത്രു. ഈ പ്രഹേളിക നിരന്തരം തുടരും. അതുകൊണ്ടാണ് ഹാറൂൺ യഹ്‌യയെ ഇപ്പോൾ എതിർക്കുന്നത്. അദ്ദേഹം പറഞ്ഞ സത്യങ്ങളുടെ സത്ത ഏതു ദിശയിലേക്കാണ് പോകുന്നതെന്ന് മനസ്സിലാകുമ്പോൾ യഹ്യ അനഭിമതനാകുന്നു. എത്ര മറച്ചുവെച്ചാലും ഉള്ളിലുണ്ടാകുന്നത് അസഹിഷ്ണുതയാണ്. ഫാസിസത്തിന്റെ കുലചിഹ്നം ഇതേ അസഹിഷ്ണുതയും ഏകപക്ഷീയ വീക്ഷണവുമാകുന്നു. എങ്കിലും എത്രകാലം കണ്ണടച്ചിരുട്ടാക്കും? കാലം തന്നെ സാക്ഷി.*

# മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യാ വഖാറെ അമൽ വാരം നടത്തി



**അലനെല്ലൂർ:** പ്രാദേശിക മജ്‌ലിസിന്റെ ആഭിമുഖ്യത്തിൽ (30.3.2008–5.4.08) വഖാറെ അമൽവാരം നടത്തി. വാരത്തോടനുബന്ധിച്ച് പട്ടമണക്കുന്നിലെ പഴയപള്ളിയും ഖബർസ്ഥാനും ഉൾപ്പെടുന്ന പരിസരപ്രദേശങ്ങളും കണ്ണംകുണ്ട് പുഴയിലെ തടയണയും വൃത്തിയാക്കുകയും, പുതിയ പള്ളിയുടെ മതിൽ വൈറ്റ് വാഷ് ചെയ്യുകയും ചെയ്തു. സേവനപ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചുകൊണ്ട് വാരം 30.3.2008–ന് പ്രാദേശിക ഖുദ്ദാമുൽ അഹ്മദിയ്യാ വഖാറെ അമൽ സെക്രട്ടറി എം. സഫീർ അഹ്മദ് ഉദ്ഘാടനം ചെയ്തു. ഖാഇദ് സി.എസ്. ഇല്യാസ് അഹ്മദ് സാഹിബിന്റെ നേതൃത്വത്തിൽ നടന്ന പരിപാടിയിൽ എല്ലാ ഖാദിം സഹോദരങ്ങളും സജീവമായി പങ്കെടുത്തു. അൻസാറുല്ലാ സഹോദരങ്ങളും അത്ഫാലുകളും പരിപാടിയിൽ സഹകരിക്കുകയുണ്ടായി.

# ഇന്തോനേഷ്യയിലെ തോരാത്ത കണ്ണീർ

*അൽഹഖ് ന്യൂസ് ഡസ്ക്*



**ജക്കാർത്ത:** ഇന്തോനേഷ്യയിലെ അഹ്മദിയ്യാ വിരുദ്ധ കലാപം ശക്തിപ്പെട്ടതിനെ തുടർന്ന് അഹ്മദിയ്യാ സ്ത്രീകളുടെ കഷ്ടപ്പാടുകൾ വർദ്ധിക്കുന്നു. പള്ളികൾക്കു നേരെയും വീടുകൾക്കു നേരെയും അക്രമങ്ങൾ ഉണ്ടായപ്പോൾ സ്ത്രീകൾക്കാണ് ഏറെ പ്രയാസങ്ങൾ നേരിടേണ്ടിവന്നത്. പാറക്കൻസാലക്കിലെ അഹ്മദിയ്യാ പള്ളിക്കുനേരെ നടന്ന അക്രമത്തെ തുടർന്ന് സ്ത്രീകൾ സംഭീതരാണ്. ഈ പ്രദേശത്തെ അഹ്മദീകുട്ടികൾ അക്രമം നടന്ന ദിനമോർത്ത് ഇപ്പോഴും നടുങ്ങുന്നു.

തൽക്കാലം പോലീസ് സാന്നിദ്ധ്യമുള്ളതിനാൽ പുതുതായി പ്രശ്നങ്ങളൊന്നുമുണ്ടാകുന്നില്ല. എന്നാൽ ഇത്രകാലം എന്ന ചോദ്യം അഹ്മദീ വനിതകളെ ഭയപ്പെടുത്തുന്നു. ഈ പ്രദേശത്തെ ലജ്ന അധ്യക്ഷ സയറി ഫത്തുന്നിസ മക്കി പറയുന്നത് വെളുത്ത വസ്ത്രവും തൊപ്പിയും ധരിച്ച ആളുകളെ കാണുമ്പോഴേക്കും കുട്ടികൾ കരയുന്നുവെന്നാണ്.

അഹ്മദിയ്യാ വിരുദ്ധ പ്രക്ഷോഭത്തിന് വേദിയായ മാനിസലോറിലെ അഹ്മദി വനിതകളും ഇതേ അവസ്ഥയിലാണ്. ഈ ഗ്രാമത്തിൽ മുത്തി എന്ന സ്ത്രീയുടെ വസതി തുടർച്ചയായി ആക്രമിക്കപ്പെട്ടു. അവസാനം നടന്ന അക്രമത്തിൽ നിന്ന് രക്ഷപ്പെടാൻ മുത്തിയും ഭർത്താവും ഒരു കസേരക്കു കീഴെ ഒളിച്ചിരിക്കുകയായിരുന്നു. ഇവിടെ അഹ്മദി വനിതകൾക്ക് ഏറെ കുറേ നിത്യജീവിതത്തിനുള്ള എല്ലാ മാർഗ്ഗങ്ങളും നഷ്ടപ്പെട്ടുകഴിഞ്ഞു. കണ്ണിൻഗാനിലെ തുവിന എന്ന അഹ്മദീവനിത പള്ളിയിൽ പോകാനുള്ള സൗകര്യം നഷ്ടപ്പെട്ടതിൽ ദുഃഖിതയാണ്.

ഇതിനൊക്കെ പുറമെ അഹ്മദീവനിതകൾ ഇന്തോനേഷ്യയിലെമ്പാടും കനത്ത വിവേചനങ്ങൾക്ക് പാത്രമായിക്കൊണ്ടിരിക്കുന്നുമുണ്ട്. തിരിച്ചറിയൽ കാർഡ് തുടങ്ങിയ ഗവർമ്മെന്റ് നടപടികളിൽ ഇക്കാര്യം കാണാം.


തങ്ങളുടെ കുട്ടികളെ മുല്ലമാരും ചിലപ്പോൾ അധ്യാപകരുംതന്നെ അവഹേളിക്കുന്നത് ഇന്തോനേഷ്യയിലെ അഹ്മദീവനിതകളെ കണ്ണീരണിയിക്കുന്നു. സ്കൂളുകളിൽ കുട്ടികളെ പേരിനു പകരം കാഫിർ എന്നാണത്രെ വിളിക്കുന്നത്. മാതൃഹൃദയങ്ങൾ കുട്ടികളുടെ ഈ വിഷമത്തിൽ വേദന കടിച്ചിറക്കുകയാണ്.

# വിദ്യാഭ്യാസരംഗത്ത് കൂടുതൽ നിക്ഷേപിക്കുക: ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ്

**നൈജീരിയ:** ആഫ്രിക്കൻ വൻകരയുടെ സർവ്വതോമുഖമായ പുരോഗതിക്ക് വേണ്ടി വിദ്യാഭ്യാസരംഗത്ത് കൂടുതൽ ധനം നിക്ഷേപിക്കണമെന്ന് ആഫ്രിക്കൻ രാഷ്ട്രത്തലവന്മാരോട് അഹ്മദിയ്യാ മുസ്‌ലിം ഖലീഫ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് ആവശ്യപ്പെട്ടു. ഘാന ജൽസക്കു ശേഷം നൈജീരിയയിലെ ലാഗോസ് വിമാനത്താവളത്തിൽവച്ച് മാധ്യമ പ്രതിനിധികളോട് സംസാരിക്കുകയായിരുന്നു അദ്ദേഹം. ജാതി മതവർഗ്ഗവർണ്ണ വ്യത്യാസമന്യെ എല്ലാവർക്കും വിദ്യാഭ്യാസം നൽകാനുള്ള കർമ്മപദ്ധതി ജമാഅത്ത് ഇതിനകംതന്നെ ആരംഭിച്ചു കഴിഞ്ഞതായി അദ്ദേഹം വ്യക്തമാക്കി. നൈജീരിയയുടെ തെക്ക് പടിഞ്ഞാറൻ ദ്വീപായ ലാഗോസിൽ 1922 –ൽ ആദ്യമായി തഅ്ലീമുൽ ഇസ്‌ലാം പ്രൈമറി സ്കൂൾ സ്ഥാപിച്ചത് ജമാഅത്താണ്. സമാധാനത്തോടും സാഹോദര്യത്തോടും കൂടി എല്ലാ വിഭാഗം ജനങ്ങളും ജീവിക്കണമെന്ന് അദ്ദേഹം നിർദ്ദേശിച്ചു.

നൈജീരിയൻ സന്ദർശനവേളയിൽ ഹുസൂർ ലാഗോസിലെ അഹ്മദിയ്യാ ആശുപത്രിയിൽ അത്യാധുനിക എക്സ്റേ മെഷീനും മെഡിക്കൽ തിയറ്ററും കമ്മീഷൻ ചെയ്തു. ഇബാദൻ, അബൂജ എന്നിവിടങ്ങളിൽ 2 പള്ളികൾ ഉദ്ഘാടനം ചെയ്തു. കറുവിലുള്ള അഹ്മദിയ്യാ ഖിലാഫത്ത് സെന്റിനറി വില്ലേജിൽ സ്പെഷ്യാലിറ്റി ആശുപത്രിക്ക് തറക്കല്ലിടുകയും ചെയ്തു.

# സോമാലിയായിൽ ഭക്ഷ്യക്ഷാമം രൂക്ഷം



**മെഗാദിഷു:** ഭക്ഷ്യവിലക്കയറ്റത്തെ തുടർന്ന് ലോകത്തെ ഏറ്റവും വലിയ ദരിദ്രരാഷ്ട്രങ്ങളിൽ ഒന്നായ സോമാലിയായിൽ കലാപം രൂക്ഷമായി. കഴിഞ്ഞയാഴ്ച വിലക്കയറ്റത്തിന്നെതിരെ തെരുവിലിറങ്ങിയ ജനക്കൂട്ടം അക്രമാസക്തമായപ്പോൾ കലാപം പടരുകയായിരുന്നു. സോമാലിയായിൽ കച്ചവടക്കാർ പഴയ നോട്ടുകൾ സ്വീകരിക്കാത്തതും ജനക്കൂട്ടത്തെ പ്രകോപിപ്പിച്ചു. ആഫ്രിക്കൻ രാജ്യങ്ങളിൽ പലതിലും ഇപ്പോൾ 40 ഇരട്ടിയോളം വിലവർദ്ധനവ് ഉണ്ടായിട്ടുണ്ട്.

സോമാലിയക്കാരുടെ പ്രധാന ഭക്ഷണം അരിയാണ്. ഒരു ചാക്ക് അരിയുടെ വില 26 ഡോളറിൽനിന്നും 47.5 ഡോളറായി മാറിക്കഴിഞ്ഞു. പോരാത്തതിന് സോമാലിയൻ കറൻസിയായ ഷില്ലിംഗിന്റെ മൂല്യം പകുതികണ്ട് കുറയുകയും ചെയ്തു. സോമാലിയായിൽ ഇപ്പോഴുള്ള യു.എൻ. സുരക്ഷാസംഘം ഇവിടുത്തെ ജനങ്ങൾ അനുഭവിക്കുന്ന ഭക്ഷ്യക്ഷാമത്തെക്കുറിച്ച് റിപ്പോർട്ട് നല്കിയിട്ടുണ്ട്. ഈ റിപ്പോർട്ടനുസരിച്ച് 7 മില്യൺ ആളുകൾ ഭക്ഷണക്ഷാമത്തിന്റെ വക്കിലാണുള്ളത്. ഇത് സോമാലിയൻ ജനസംഖ്യയുടെ പകുതിയോളം വരും. അല്ലെങ്കിൽ തന്നെ ആഭ്യന്തരയുദ്ധങ്ങളാലും കാലാവസ്ഥാവ്യതിയനാങ്ങളാലും കടുത്ത പ്രതിസന്ധിയിലേക്ക് നീങ്ങുന്ന സോമാലിയ കൊടും പട്ടിണിയുടെ പിടിയിലേക്ക് നീങ്ങുകയാണ്. ഇതോടൊത്ത് തെരുവുകളിൽ കലാപങ്ങൾ അരങ്ങേറിക്കൊണ്ടേയിരിക്കുന്നു. തലസ്ഥാനമായ മെഗാദിഷുവിൽപോലും കൊള്ളയും കൊലയും നിത്യജീവിതത്തിന്റെ ഭാഗമായി മാറിക്കഴിഞ്ഞു. ഭരണകൂടമാകട്ടെ കാഴ്ചക്കാരായി നോക്കിനില്ക്കുകയുമാണ്.

# ലജ്നാ സമ്മേളനം

**കൊടിയത്തൂർ:** കോഴിക്കോട് മേഖല ലജ്നാ ഇമായില്ലാഹ് സമ്മേളനം കൊടിയത്തൂരിൽവച്ച് നടന്നു. ഉദ്ഘാടന ചടങ്ങളിൽ ലജ്ന ഇമായില്ലാഹ് കോഴിക്കോട് മേഖലാ സെക്രട്ടറി സിദ്ദീഖാ സാഹിബ അധ്യക്ഷം വഹിച്ചു. കൊടിയത്തൂർ ലജ്നാ ഇമായില്ലാഹ് പ്രസിഡണ്ട് മുബാറക്കാ ശക്കീൽ സാഹിബ സ്വാഗതം പറഞ്ഞു. മുഖ്യാതിഥിയായി പങ്കെടുത്ത ശ്രീമതി ശൈലജ ടീച്ചർ മതസൗഹാർദ്ദത്തിലും സത്യസന്ധമായ ജീവിതശൈലി രൂപപ്പെടുത്തുന്നതിനും ലജ്ന നടത്തുന്ന ശ്രമങ്ങളെ ശ്ലാഘിച്ചു.

തുടർന്ന് സുബൈദ മുഹമ്മദ് സാഹിബ, സഫിയ സാഹിബ, സമീറ ലത്തീഫ് സാഹിബ, റസീന മാമുക്കോയ സാഹിബ, മുംതാസ് മഹ്മൂദ് സാഹിബ, ശ്രീമതി സോഫിയ ടീച്ചർ എന്നിവർ പ്രസംഗിച്ചു. റസിയ സാഹിബ നന്ദി പ്രകാശിപ്പിച്ചു.

Published by Shefi Ahmad, North Ilaqa Qaid for Majlis Khuddamul Ahmadiyya. Chief Editor - Ashique Thotton, Editor - Shajir Ahamed. T, Kannur.